പതിനാലാം കേരള നിയമസഭ

# എസ്റ്റിമേറ്റ്സ് കമ്മിറ്റി

(2016-19)

## പതിമൂന്നാമത് റിപ്പോർട്ട്

[എസ്റ്റിമേറ്റ്സ് കമ്മിറ്റി (2014 -16) യുടെ പതിമൂന്നാമത് റിപ്പോർട്ടിലെ
(ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന്റെ പ്രവർത്തനം സംബന്ധിച്ച്)
ശുപാർശകളിന്മേൽ / നിർദ്ദേശങ്ങളിന്മേൽ സർക്കാർ
സ്വീകരിച്ച നടപടികളെ സംബന്ധിച്ച്]

(2018 മാർച്ച് 07 ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

പതിനാലാം കേരള നിയമസഭ

# എസ്റ്റിമേറ്റ്സ് കമ്മിറ്റി

(2016-19)

## പതിമൂന്നാമത് റിപ്പോർട്ട്

[എസ്റ്റിമേറ്റ്സ് കമ്മിറ്റി (2014-16) യുടെ പതിമൂന്നാമത് റിപ്പോർട്ടിലെ
(ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃ കാര്യ വകുപ്പിന്റെ പ്രവർത്തനം സംബന്ധിച്ച്)
ശുപാർശകളിന്മേൽ / നിർദ്ദേശങ്ങളിന്മേൽ സർക്കാർ
സ്വീകരിച്ച നടപടികളെ സംബന്ധിച്ച്]

## ഉള്ളടക്കം


പേജ്

സമിതിയുടെ ഘടന :

മുഖവുര :

അദ്ധ്യായം I : റിപ്പോർട്ട് :

അദ്ധ്യായം II : ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ :

അനുബന്ധം :

# എസ്റ്റിമേറ്റ്സ് കമ്മിറ്റി (2016-19)

## ഘടന

അദ്ധ്യക്ഷൻ :

ശ്രീ. എസ്. ശർമ്മ

അംഗങ്ങൾ :

ശ്രീ. പി. കെ. അബ്ദു റബ്ബ്

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. എ. പി. അനിൽകുമാർ.

ശ്രീ. ബി. ഡി. ദേവസ്സി

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. കെ. സി. ജോസഫ്

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. കെ. രാജൻ

ശ്രീ. റ്റി. വി. രാജേഷ്

ശ്രീ. സി. കെ. ശശീന്ദ്രൻ

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി.

ശ്രീ. കെ. എസ്. അനസ്, അഡീഷണൽ സെക്രട്ടറി.

ശ്രീമതി എ. കെ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി.

ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

# മുഖവുര

പതിമൂന്നാം കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2014-16) യുടെ 13-ാമത് റിപ്പോർട്ട് (ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന്റെ പ്രവർത്തനം സംബന്ധിച്ച്) 15.07.2014-ൽ സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ 29 ശിപാർശകൾ / നിർദ്ദേശങ്ങളാണ് ഉണ്ടായിരുന്നത്. പ്രസ്തുത ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിച്ച നടപടികളും, അവയിന്മേൽ സമിതി ആരാഞ്ഞ അധിക വിവരങ്ങളും അവയ്ക്കുള്ള മറുപടികളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

ഈ റിപ്പോർട്ട് 2018 ഫെബ്രുവരി 27-ാം തീയതി കൂടിയ സമിതിയോഗം അംഗീകരിച്ചു.

തിരുവനന്തപുരം,
2018 ഫെബ്രുവരി 27.

എസ്. ശർമ്മ,
അദ്ധ്യക്ഷൻ,
എസ്റ്റിമേറ്റ്സ് കമ്മിറ്റി.

## റിപ്പോർട്ട്

## അദ്ധ്യായം - I

പതിമൂന്നാം കേരള നിയമസഭാ എസ്റ്റിമേറ്റ്സ് കമ്മിറ്റി(2014-16)യുടെ 13-ാമത് റിപ്പോർട്ട് (ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന്റെ പ്രവർത്തനം സംബന്ധിച്ച്) 15.07.2014 -ൽ സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ സിവിൽ സപ്ലൈസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി 29 ശിപാർശകളാണ് ഉണ്ടായിരുന്നത്.

റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വകുപ്പുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന സമാഹൃതക്കുറിപ്പുകളും അവയിൽ 9 ശിപാർശകൾക്ക് സമിതി ആരാഞ്ഞ അധിക വിവര മറുപടികളും 14.01.2015, 26.10.2015, 22.11.2016, 15.02.2017, 06.07.2017, 02.11.2017 29.11.2017 എന്നീ തീയതികളിൽ ചേർന്ന സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ ശിപാർശകൾക്കനുസൃതമായി ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന്റെ പ്രവർത്തനം എത്രത്തോളം മെച്ചപ്പെടുത്തിയിട്ടുണ്ടെന്ന് പരിശോധിക്കുന്നതിനായി ഭക്ഷ്യപൊതു വിതരണ വകുപ്പ് സെക്രട്ടറി, സിവിൽ സപ്ലൈസ് വകുപ്പ് ഡയറക്ടർ മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരിൽ നിന്ന് 29.11.2017 ൽ സമിതി തെളിവെടുപ്പ് നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന ശിപാർശകൾ നിർദ്ദേശിക്കുകയും ചെയ്തു.

1. റേഷൻ കടകളിൽ ഇ പോസ് മെഷീൻ (Electronic Point of Sale) വാങ്ങുന്നതിനും ഇതിനോടനുബന്ധിച്ചുള്ള പരിശീലന പരിപാടികൾ പൂർത്തിയാക്കുന്നതിനുമുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2. ചില റേഷൻ വ്യാപാരികൾക്ക് വളരെ കൂടുതൽ കമ്മീഷൻ ലഭിക്കുമ്പോൾ അൻപത് ശതമാനത്തോളം റേഷൻ വ്യാപാരികളും 16000 രൂപയിൽ താഴെ അടിസ്ഥാന വേതനമോ സഹായധനം മാത്രമോ കൈപ്പറ്റുന്നവരാണെന്നത് സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ആയത് പരിഹരിക്കുന്നതിനായി തുരുത്തുകളും ആദിവാസി മേഖലകളും ഒഴികെയുള്ള മറ്റ് സ്ഥലങ്ങളിൽ റേഷൻ സാധനങ്ങളുടെ അനുപാതം തുല്യമായി വീതിച്ച് നല്കി ലോഡ് വൈസ് ഏകീകരണം പൂർത്തിയാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3. റേഷൻ സാധനങ്ങളുടെ വിതരണത്തിലുണ്ടാകുന്ന ചോർച്ച തടയുന്നതിനും മാവേലി

സ്റ്റോറുകളിൽ നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിനും പൊതുവിതരണ ശൃംഖലയിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യസാധനങ്ങൾ യഥാർത്ഥ ഗുണഭോക്താക്കളുടെ കൈകളിൽ തന്നെ എത്തിക്കുന്നതിനും സിവിൽ സപ്ലൈസ് കോർപ്പറേഷൻ കൂടുതൽ ശക്തമായ നടപടികൾ കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4. ഭക്ഷ്യ സുരക്ഷ നിയമപ്രകാരം മൊത്ത വിതരണക്കാരെ ഒഴിവാക്കി എഫ്. സി. ഐ. യിൽ നിന്ന് നേരിട്ട് സാധനമെടുത്ത് റേഷൻ കടകൾ വരെ വിതരണം ചെയ്യുന്ന പ്രക്രിയ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഏറ്റെടുത്തതു മൂലം ജീവനക്കാർക്ക് അധിക ജോലിഭാരമുള്ളതായി സമിതി മനസ്സിലാക്കുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിനും അടിസ്ഥാന സൗകര്യം വിപുലീകരിക്കുന്നതിനും കോർപ്പറേഷനിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5. ഭക്ഷ്യസുരക്ഷ നിയമം നിലവിൽ വന്നതോടുകൂടി ഭക്ഷ്യപൊതുവിതരണ വകുപ്പിൽ നിന്നുമുള്ള ജീവനക്കാർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ജോലി ചെയ്യുന്നത്, കോർപ്പറേഷനിലെ തനതു ജീവനക്കാരുടെ പ്രൊമോഷൻ സാധ്യതകളെ പ്രതികൂലമായി ബാധിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത വിഷയം അടിയന്തരമായി പരിശോധിച്ച് പരിഹാര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6. ജി. എസ്. ടി. നിലവിൽ വന്ന സാഹചര്യത്തിൽ സാധാരണക്കാരായ ജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ഭക്ഷണം കൊടുക്കുന്ന 'തൃപ്തി ന്യായവില' ഹോട്ടൽ സംവിധാനം എല്ലാ മണ്ഡലങ്ങളിലും നടപ്പാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

7. ഭക്ഷ്യ സുരക്ഷാ നിയമം നിലവിൽ വന്നതോടുകൂടി മുൻഗണനാ വിഭാഗത്തിലുൾപ്പെടുന്നവർക്ക് സൗജന്യ നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതു മൂലം സർക്കാരിന് നല്ലൊരു തുക ചെലവ് വരുന്നതായി സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ റേഷൻ സാധനസാമഗ്രികൾ യഥാർത്ഥ ഗുണഭോക്താക്കൾക്ക് എത്തിചേരുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുവാനും റേഷൻ ചോർച്ച തടയുന്നതിനുമായി റേഷൻ വിതരണം പൂർണ്ണമായി ആധാർ ഡേറ്റാ ബേസുമായി

ബന്ധിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

8. പൊതുവിതരണ ശൃംഖലവഴി തീരപ്രദേശത്ത് വിതരണം ചെയ്യുന്നതിനായി കേരളത്തിന് അനുവദിച്ചിരുന്ന പഞ്ചസാരയുടെയും മണ്ണെണ്ണയുടെയും അളവ് കേന്ദ്ര സർക്കാർ വെട്ടിക്കുറച്ചത് വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതിനാൽ തീരപ്രദേശത്ത് വിതരണം ചെയ്യുന്ന പഞ്ചസാരയുടെയും മണ്ണെണ്ണയുടെയും അളവ് വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

9. ആദിവാസി ഊരുകളിലും മറ്റ് കോളനികളിലും റേഷൻ സാധനങ്ങൾ നേരിട്ട് എത്തിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാരിൽ നിന്നും ലഭിച്ച മറുപടികളിൽ സമിതി അംഗീകരിച്ചവ രണ്ടാം അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നു.

ഒന്നാം അദ്ധ്യായത്തിലെ സമിതിയുടെ ശിപാർശകളിൻമേലും / നിർദ്ദേശങ്ങളിൻമേലും അനന്തര നടപടികൾ സ്വീകരിച്ച് സമിതിയെ അറിയിക്കേണ്ടതാണ്.

## അദ്ധ്യായം - II

## ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ

(ബ്രാക്കറ്റിൽ പരാമർശിച്ചിരിക്കുന്ന ഖണ്ഡികകൾ മൂല റിപ്പോർട്ടിലെ ഖണ്ഡികകളാണ്)

### ശിപാർശ 1 (ഖണ്ഡിക - 14)

സമൂഹത്തിലെ ഭൂരിഭാഗം ജനങ്ങളും ആശ്രയിക്കുന്ന റേഷൻ കടകളിൽ മതിയായ ഭൗതീക സൗകര്യങ്ങൾ ഇല്ലെന്ന വസ്തുത സമിതി മനസ്സിലാക്കുന്നു. കൂടാതെ റേഷൻ കടകളിൽ നിന്നും ലഭിക്കുന്ന സാധനങ്ങൾ അളവിൽ കുറയുന്നുവെന്ന പരാതികൾ വ്യാപകമായതിനാൽ എല്ലാ റേഷൻ കടകളിലും സാധനങ്ങളുടെ തൂക്കം വ്യക്തമായി കാണിക്കുന്ന ഇലക്ട്രോണിക് ത്രാസ് ഉപയോഗിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടികൾ

### ഭക്ഷ്യപൊതുവിതരണ (ബി) വകുപ്പിന്റെ 27.03.2015 ലെ മറുപടി

എല്ലാ റേഷൻ കടകളിലും സാധനങ്ങളുടെ തൂക്കം വ്യക്തമായി കാണിക്കുന്ന ഇലക്ട്രോണിക് ത്രാസ് ഇപ്പോൾ ഉപയോഗിക്കുന്നുണ്ട്.

**ഭക്ഷ്യപൊതുവിതരണ (ബി) വകുപ്പിന്റെ 19.07.2016 ലെ മറുപടി**

സംസ്ഥാനത്തെ എല്ലാ എ. ആർ. ഡി. കളിലും എ. ഡബ്ല്യൂ. ഡി. കളിലും ഇലക്ട്രോണിക് ത്രാസ് ഉപയോഗിക്കുവാനുള്ള നിർദ്ദേശം നടപ്പിൽ വരുത്തിയിട്ടുണ്ട്.

**ശിപാർശ 2 (ഖണ്ഡിക -15)**

റേഷൻ കടകൾ കൂടുതൽ ജനകീയവും ഫലപ്രദവുമാക്കുന്നതിനായി കടകൾ ആധുനികവൽക്കരിക്കേണ്ടതാവശ്യമാണ്. ഓരോ മാസവും വിതരണം ചെയ്യുന്ന സാധനങ്ങളുടെ അളവും വിലവിവരവും ഉപഭോക്താക്കൾക്ക് അറിയുന്നതിനായി വിലവിവരപ്പട്ടിക, സ്റ്റോക്ക് വിവരം സൂചിപ്പിക്കുന്ന ബോർഡ്. വിതരണം ചെയ്യുന്ന സാധനങ്ങളുടെ സാമ്പിൾ പ്രദർശിപ്പിക്കുന്നതിനുള്ള സൗകര്യം ലൈറ്റ്, ഫാൻ, ഷെൽഫ് എന്നിവ എല്ലാ റേഷൻകടകളിലും ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടികൾ**

**ഭക്ഷ്യപൊതുവിതരണ (ബി) വകുപ്പിന്റെ 27.03.2015 -ലെ മറുപടി**

റേഷൻകടകളിൽ നിന്നും പ്രതിമാസം വിതരണം ചെയ്യുന്ന അവശ്യസാധനങ്ങളുടെ വിലവിവരപ്പട്ടിക, സ്റ്റോക്ക് ബോർഡ്, വിതരണം ചെയ്യുന്ന സാധനങ്ങളുടെ സാമ്പിൾ എന്നിവ ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കണമെന്ന കർശന നിർദ്ദേശം നൽകുകയും ഇവ പ്രദർശിപ്പിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനായി ജില്ലാ / താലൂക്ക് തലങ്ങളിൽ കർശന പരിശോധനകൾ നടത്തുകയും ചെയ്യുന്നു. വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാത്ത കടയുടമകൾക്കെതിരെ 1977-ലെയും 1980-ലെയും Kerala Essential Commodities (Maintenance of Accounts and Display of Prices and stocks) order പ്രകാരവും KRO 1966 അനുസരിച്ചും നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

**ഭക്ഷ്യപൊതുവിതരണ (ബി) വകുപ്പിന്റെ 19.07.2016 ലെ മറുപടി**

സംസ്ഥാനത്ത് ഭക്ഷ്യസാധനങ്ങൾക്കും മറ്റ് അവശ്യസാധനങ്ങൾക്കും അമിത വില ഈടാക്കുന്നത് തടയുന്നതിനായി വിലവിവര പട്ടിക ഉപഭോക്താക്കൾ

കാണത്തക്കവിധം നിർബന്ധമാക്കിയിട്ടുണ്ട്. ഇത് ഉറപ്പു വരുത്തുന്നതിനായി പൊതുവിതരണ വകുപ്പ് ഉദ്യോഗസ്ഥർ മാത്രമായും ആരോഗ്യം, റവന്യൂ, ലീഗൽ മെട്രോളജി, നികുതി വകുപ്പുകളുമായി ചേർന്നും നിരന്തര പരിശോധനകൾ നടത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

## സമിതി ആവശ്യപ്പെട്ട അധിക വിവരം

സംസ്ഥാനത്ത് ഭക്ഷ്യ ധാന്യങ്ങൾക്കും മറ്റും ഉപഭോക്താക്കളിൽ നിന്ന് അമിത വില ഈടാക്കുന്നത് തടയുന്നതിനും റേഷൻ കടകളിൽ പ്രദർശിപ്പിച്ചിട്ടുള്ള വിലവിവര പട്ടികയുടെ അടിസ്ഥാനത്തിൽ മതിയായ അളവ് ഭക്ഷ്യധാന്യങ്ങൾ ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നുണ്ടോ എന്ന് ഉറപ്പു വരുത്തുന്നതിനുമായി തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള കർശന നടപടി സ്വീകരിക്കുക.

## സർക്കാർ സ്വീകരിച്ച നടപടി

റേഷൻ വിതരണം സുഗമവും സുതാര്യവും ആക്കുന്നതിനായി വകുപ്പിലെ പരിശോധനാ ഉദ്യോഗസ്ഥർ അവരുടെ ജോബ് ചാർട്ട് അനുസരിച്ചുള്ള പരിശോധനകൾ കൃത്യമായി നടത്തി വരുന്നുണ്ട്. ഇതിനു പുറമേ പരാതികൾ ലഭ്യമാകുന്ന പക്ഷം വകുപ്പു ഉദ്യോഗസ്ഥർ മാത്രമായും മറ്റ് വകുപ്പുകളായ ലീഗൽ മെട്രോളജി, പോലീസ് എന്നിവയെ ഉൾപ്പെടുത്തിക്കൊണ്ട് റെയിഡുകൾ സംഘടിപ്പിക്കുകയും നിയമ ലംഘനം നടത്തുന്നവർക്കെതിരെ കെ. ആർ. ഒ. പ്രകാരം നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഇപ്പോൾ ഇതിനു പുറമേ സിവിൽ സപ്ലൈസ് വകുപ്പിലെ ഐ. റ്റി സെല്ലിൽ നിന്ന് എല്ലാ വിഭാഗം കാർഡുടമകൾക്കും അവരുടെ പ്രതിമാസ വിഹിതം സംബന്ധിച്ച എസ്. എം. എസ്. നൽകുകയും ചെയ്യുന്നുണ്ട്.

## ശിപാർശ 3 (ഖണ്ഡിക - 16)

സി.&എ.ജി. യുടെ കണക്ക് പ്രകാരം റേഷൻകടകൾ വഴിയും മൊത്തവിതരണക്കാർ വഴിയും ഏകദേശം 40 കോടി രൂപയുടെ റേഷൻ ചോർച്ച വർഷം തോറും സംസ്ഥാനത്തുണ്ടാകുന്നു. റേഷൻ ചോർച്ച തടയുന്നതിനും റേഷൻ സാധനങ്ങൾ യഥാർത്ഥ ഉപഭോക്താവിന് ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനുമായി കമ്പ്യൂട്ടറൈസ് ചെയ്ത റേഷൻ കടകളിൽ നിന്നും ബയോമെട്രിക് റീഡിംഗ് പ്രകാരം

ഉപഭോക്താവ് നേരിട്ട് സാധനങ്ങൾ വാങ്ങുന്ന രീതി പൈലറ്റ് പ്രോജക്ടായി തിരുവനന്തപുരത്ത് ആരംഭിച്ചിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഇത്തരത്തിലുള്ള ബയോമെട്രിക് സംവിധാനം സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും നടപ്പിലാക്കുവാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ഭക്ഷ്യപൊതുവിതരണ (ബി) വകുപ്പിന്റെ 27.03.2015 -ലെ മറുപടി

ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എഫ്. സി. ഐ. മുതൽ എ. ആർ. ഡി വരെയുള്ള പൊതുവിതരണശൃംഖല സമ്പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം എഫ്. സി. ഐ. യിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ സ്വീകരിക്കുന്നത് മുതൽ റേഷൻകടകളിൽ നിന്ന് അവ യഥാർത്ഥ ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നത് വരെയുള്ള ഓരോ പ്രക്രിയയും സമ്പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിച്ച് അവയുടെ വിവരങ്ങൾ പൊതുജനങ്ങൾക്ക് കാണത്തക്കവിധത്തിൽ ഒരു സുതാര്യവൽകൃത പോർട്ടൽ രേഖപ്പെടുത്തുന്നതാണ്. കൂടാതെ റേഷൻകടകളിൽ ബയോമെട്രിക് അധിഷ്ഠിതമായി പ്രവർത്തിക്കുന്ന ഇ-പോസ് മെഷീനുകൾ സ്ഥാപിച്ച് യഥാർത്ഥ ഉപഭോക്താവിനെ ശാസ്ത്രീയമായി തിരിച്ചറിഞ്ഞ് അയാൾക്ക് അനുവദിക്കപ്പെട്ടിട്ടുള്ള ഭക്ഷ്യധാന്യങ്ങൾ കൃത്യമായ തോതിൽ നൽകുന്നതാണ്. പരീക്ഷണാടിസ്ഥാനത്തിൽ 22 കടകളിൽ (തിരുവനന്തപുരം ജില്ലയിൽ - 14, മൂവാറ്റുപുഴ - 8) ഇത് നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. റേഷൻകടയ്ക്ക് പോർട്ടബിലിറ്റി സംവിധാനം ഏർപ്പെടുത്തുന്നതിനാൽ ഉപഭോക്താക്കൾക്ക് കേരളത്തിലെ ഏത് റേഷൻ കടയിൽ നിന്നും ഭക്ഷ്യ ധാന്യങ്ങൾ വാങ്ങുന്നതിനുള്ള സൗകര്യം ലഭിക്കുന്നു. റേഷൻ കടകളിൽ ഉപഭോക്താക്കളുടെ ക്രയവിക്രയങ്ങൾക്ക് ഓൺലൈൻ സിസ്റ്റത്തിലൂടെ ലഭ്യമാകുന്ന ബില്ലുകളിൽ ഭക്ഷ്യധാന്യങ്ങളുടെ കൃത്യമായ അളവ്, തൂക്കം, വില എന്നിവ രേഖപ്പെടുത്തിയിട്ടുണ്ടാകും. ഇക്കാരണത്താൽ പൊതുവിതരണ ശൃംഖല കൂടുതൽ സുതാര്യമാകുകയും ഈ മേഖലയിൽ അഴിമതി, കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് എന്നിവ തടയാൻ സാധിക്കുന്നതുമാണ്.

## ഭക്ഷ്യപൊതുവിതരണ (ബി) വകുപ്പിന്റെ 19.07.2016 ലെ മറുപടി

എൻഡ് - ടു - എൻഡ് കമ്പ്യൂട്ടറൈസേഷൻ നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി റേഷൻ കടകളിൽ ബയോമെട്രിക് സംവിധാനം (e-PoS - electronic Point of Sale) ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## സമിതി ആവശ്യപ്പെട്ട അധിക വിവരം

പൊതുജനങ്ങൾക്ക് മികച്ച സേവനം ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനത്തൊട്ടാകെയുള്ള റേഷൻ കടകളിൽ ബയോമെട്രിക് സംവിധാനം ഏർപ്പെടുത്തുന്ന പ്രവൃത്തിയുടെ പുരോഗതിയും ആയത് എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന വിവരവും അറിയിക്കുക.

## സർക്കാർ സ്വീകരിച്ച നടപടി

End to End Computerisation -ന്റെ ഭാഗമായി റേഷൻ കടകളിൽ ബയോമെട്രിക് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. തിരുവനന്തപുരം, എറണാകുളം ജില്ലകളിലായി 22 റേഷൻ കടകളിൽ മോഡൽ പൈലറ്റ് പദ്ധതി നടപ്പിലാക്കുകയുണ്ടായി. പദ്ധതിയുടെ ഭാഗമായി ഇ - പോസ് മെഷീനുകൾ സ്ഥാപിക്കുകയും ബയോമെട്രിക് വാലിഡേഷൻ മുഖേന ഗുണഭോക്താവിനെ തിരിച്ചറിഞ്ഞ് റേഷൻ വിതരണം നടത്തുകയും ചെയ്തു.

മോഡൽ പൈലറ്റിന്റെ ഭാഗമായി ഇ-പോസ് മെഷീനുകൾ സ്ഥാപിച്ചപ്പോൾ ബയോമെട്രിക് സംവിധാനം മുഖേന ഗുണഭോക്താവിനെ തിരിച്ചറിയുന്നതിനും, ആധാർ ലഭ്യമല്ലാതിരിക്കുകയോ, ബയോമെട്രിക് സംവിധാനം പരാജയപ്പെടുകയോ ചെയ്യുകയാണെങ്കിൽ OTP (One Time Password) സംവിധാനം മുഖേന തിരിച്ചറിയുന്നതിനും സംവിധാനം ഏർപ്പെടുത്തിയിരുന്നു. OTP യും പരാജയപ്പെടുകയാണെങ്കിൽ ലോക്കൽ ആതന്റിക്കേഷൻ മുഖേന റേഷൻ നൽകി വരുന്നു. യാതൊരു കാരണവശാലും റേഷൻ നിരസിക്കുന്ന അവസ്ഥ ഒഴിവാക്കിയാണ് മോഡൽ പൈലറ്റ് പദ്ധതി ചെയ്തു വരുന്നത്. ബയോമെട്രിക് സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ഗുണഭോക്താക്കളുടെ ആധാർ വിവരങ്ങൾ റേഷൻ കാർഡ് പുതുക്കലിന്റെ ഭാഗമായി ശേഖരിച്ചിട്ടുണ്ട്. 2.70 കോടി ആധാർ നമ്പരുകൾ ഇപ്രകാരം ശേഖരിച്ച് റേഷൻകാർഡ് ഡാറ്റാബേസിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ശേഖരിച്ച വിവരങ്ങളുടെ ആതന്റിക്കേഷൻ നടത്തി വരുന്നു.

പൂർണ്ണതോതിൽ ബയോമെട്രിക് സംവിധാനം ഏർപ്പെടുത്തണമെങ്കിൽ എല്ലാ കടകളിലും ഇ-പോസ് (E-PoS - Electronic Point of Sale) മെഷീനുകൾ സ്ഥാപിക്കേണ്ടതുണ്ട്. E-PoS മെഷീനുകൾ വാങ്ങുന്നത് സംബന്ധിച്ച നടപടികൾ പുരോഗമിച്ചു വരുന്നു.

## ശിപാർശ 4 (ഖണ്ഡിക - 17)

പൊതുവിപണിയിൽ അരിയുടെ വില കുതിച്ചുയരുമ്പോൾ റേഷൻ കടകളിലെത്തുന്ന എ. പി. എൽ. അരിയും ഗോതമ്പും വിതരണം ചെയ്യാതെ കെട്ടിക്കിടക്കുന്ന സ്ഥിതി വിരളമല്ല. ബന്ധപ്പെട്ട അധികാരികളുടെ ഉത്തരവില്ലാത്തതിനാലാണ് പ്രസ്തുത സാധനങ്ങൾ യഥാസമയം വിതരണം ചെയ്യാത്തതെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ റേഷൻ കടകളിലെത്തുന്ന ഭക്ഷ്യസാധനങ്ങൾ യഥാസമയം ഉപഭോക്താക്കൾക്ക് വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടികൾ

## ഭക്ഷ്യപൊതുവിതരണ (ബി) വകുപ്പിന്റെ 20.02.2015 -ലെ മറുപടി

റേഷൻ കടകളിലെത്തുന്ന എ.പി.എൽ. അരിയും ഗോതമ്പും വിതരണം ചെയ്യാതെ കെട്ടിക്കിടക്കുന്ന സ്ഥിതിവിശേഷം ഇപ്പോൾ നിലവിലില്ല.

## ഭക്ഷ്യപൊതുവിതരണ (ബി) വകുപ്പിന്റെ 27.03.2015 ലെ മറുപടി

റേഷൻ കടകളിലെത്തുന്ന ഭക്ഷ്യധാന്യങ്ങൾ യഥാസമയം ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നുണ്ട് എന്നുറപ്പ് വരുത്തുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പ് ജാഗരൂകമായി പ്രവർത്തിക്കുന്നു. ഇതിനായി റേഷനിംഗ് ഇൻസ്പെക്ടർമാർ റേഷൻകടകളിലെ രജിസ്റ്ററും ഉപഭോക്താക്കളുടെ റേഷൻ കാർഡുകളും റാൻഡം നിലയിൽ തമ്മിൽ ഒത്തുനോക്കി റേഷൻ സാധനങ്ങൾ അർഹമായ അളവിലും തൂക്കത്തിലും ലഭ്യമാകുന്നുണ്ടോ എന്ന് പരിശോധിക്കുന്നുണ്ട്. കൂടാതെ റേഷൻ സാധനങ്ങളുടെ പ്രതിമാസ ലഭ്യത ഉപഭോക്താക്കൾ കാണത്തക്കവിധം റേഷൻകടകളിൽ രേഖപ്പെടുത്തുകയും പത്രമാധ്യമങ്ങളിലൂടെ പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നു. ഇതിനുപുറമേ താലൂക്ക് / ജില്ലാ / സംസ്ഥാന തലങ്ങളിലെ ഉദ്യോഗസ്ഥർ

[illegible] പരിശോധനകൾ നടത്തുകയും ക്രമക്കേടുകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

## ഭക്ഷ്യപൊതുവിതരണ (ബി) വകുപ്പിന്റെ 19.07.2016 ലെ മറുപടി

റേഷൻ കടകളിലെത്തുന്ന ഭക്ഷ്യ ധാന്യങ്ങൾ യഥാസമയം ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിന് ഭക്ഷ്യധാന്യ വിഹിതം മുൻകൂറായി റേഷൻ കടകളിൽ സ്റ്റോക്ക് ചെയ്യുന്നുണ്ട്. ആയത് അനുവദിച്ച അളവിലും വിലയിലും വിതരണം നടത്തുന്നുണ്ടോ എന്നത് സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തുന്നുണ്ട്.

## ശിപാർശ 5 (ഖണ്ഡിക - 18)

റേഷൻ ചില്ലറ വ്യാപാരികളുടെ കമ്മിഷൻ 2012 ഒക്ടോബർ മുതൽ ക്വിന്റലിന് പരമാവധി 60 രൂപയായും റേഷൻ മൊത്തവ്യാപാരികളുടെ കമ്മീഷൻ 01.11.2013 മുതൽ ക്വിന്റലിന് പരമാവധി 41.40 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും ജീവിതച്ചെലവുകൾ ഉയർന്ന ഇന്നത്തെ സാഹചര്യത്തിൽ പ്രസ്തുത കമ്മീഷൻ പരിഷ്കരിക്കേണ്ടതാവശ്യമാണ്. കൂടാതെ കമ്മീഷന് ഇനത്തിൽ വ്യാപാരികൾക്ക് കുടിശ്ശിക നൽകാനുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ റേഷൻ ചില്ലറ വ്യാപാരികളുടെയും മൊത്തവ്യാപരികളുടെയും കമ്മീഷൻ കാലോചിതമായി വർദ്ധിപ്പിക്കണമെന്നും കമ്മീഷൻ ഇനത്തിൽ വ്യാപാരികൾക്ക് നല്കാനുള്ള കുടിശ്ശിക നല്കുന്നതിനായി ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

റേഷൻ ചില്ലറ വ്യാപാരികളുടെ കമ്മീഷൻ 2012 ഒക്ടോബർ 1 മുതൽ ക്വിന്റലിന് പരമാവധി 60 രൂപയായും റേഷൻ മൊത്തവ്യാപാരികളുടെ കമ്മീഷൻ 01.11.2013 മുതൽ ക്വിന്റലിന് പരമാവധി 41.40 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. കമ്മീഷൻ ഇനത്തിൽ റേഷൻ വ്യാപാരികൾക്ക് 2014 മെയ് മാസം വരെയുള്ള കുടിശ്ശിക അനുവദിച്ച് നൽകിയിട്ടുണ്ട്. 2014 ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ കമ്മീഷൻ തുക ഉടൻതന്നെ അനുവദിച്ച് നൽകുന്നതാണ്. കമ്മീഷനിൽ കാലോചിതമായ വർദ്ധനവ്

വരുത്തുന്നതിന്റെ ഭാഗമായി റേഷൻ ചില്ലറ വ്യാപാരികളുടെ കമ്മീഷൻ വർദ്ധന സംബന്ധിച്ചുള്ള ശുപാർശ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

## ശിപാർശ 6 (ഖണ്ഡിക - 19)

അന്നപൂർണ്ണ പദ്ധതിയിലെ അംഗങ്ങൾ 65 വയസ്സ് കഴിഞ്ഞ മറ്റു പെൻഷനുകളൊന്നും ലഭിക്കാത്ത അഗതികളായതിനാൽ പദ്ധതിയിലെ അംഗങ്ങളുടെ എണ്ണം പരിമിതമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പൂർണ്ണ കേന്ദ്ര സഹായം ലഭിക്കുന്ന അന്നപൂർണ്ണ പദ്ധതിയിലെ വയസ്സ് നിബന്ധന 60 ആയി കുറയ്ക്കണമെന്നും മാരകരോഗങ്ങൾ ബാധിച്ചവരെക്കൂടി പ്രസ്തുത പദ്ധതിയിലുൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

അന്നപൂർണ്ണ പദ്ധതി ഒരു കേന്ദ്ര വിഹിത പദ്ധതിയായതിനാൽ കേന്ദ്ര സർക്കാരിന്റെ മാനദണ്ഡങ്ങൾക്കനുസരണമായാണ് പ്രായപരിധിയും, അർഹതയും നിശ്ചയിച്ചിട്ടുള്ളത്. ദേശീയ വയോജന പെൻഷൻ സ്കീമിൽ പെൻഷന് അർഹതയുണ്ടായിരുന്നിട്ടും ഉൾപ്പെടാതെ പോയതും, എന്നാൽ ഏതെങ്കിലും പെൻഷൻ ലഭിക്കാത്തവർക്കുമാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്. ദേശീയ വയോജന പെൻഷൻ പദ്ധതിയുടെ പ്രായപരിധി 2011 മുതൽ കേന്ദ്ര സർക്കാർ 60 വയസ്സായി കുറയ്ക്കുകയും ടി പദ്ധതി ഇന്ദിരാഗാന്ധി ദേശീയ വയോജന പെൻഷൻ പദ്ധതി എന്ന് പുനർ നാമകരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ സവിശേഷമായ സാഹചര്യത്തിൽ അന്നപൂർണ്ണ പദ്ധതിയുടെ അർഹതാ മാനദണ്ഡത്തിൽ മാറ്റം വരുത്തണമെന്നും പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള പ്രായപരിധി 60 വയസ്സായി കുറയ്ക്കണമെന്നുമുള്ള സബ്ജക്ട് കമ്മിറ്റി XI 2012-13 വർഷത്തെ ധനാഭ്യർത്ഥന പരിശോധനയുടെ ഭാഗമായി രണ്ടാമത് റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഈ നിർദ്ദേശം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ആയതിന് കേന്ദ്രസർക്കാർ ലഭ്യമാക്കിയ മറുപടിയുടെ വിശദാംശം ഇനി പറയുന്നു.

ഇന്ദിരാഗാന്ധി ദേശീയ വയോജന പെൻഷൻ പദ്ധതി നിലവിൽ വന്നശേഷവും അന്നപൂർണ്ണ പദ്ധതി നിലനിർത്തിയത് 2004 ഏപ്രിൽ 27-ലെ WP(c) 196/2001-ലെ സുപ്രീം കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലായിരുന്നു. അന്നപൂർണ്ണ പദ്ധതിയുടെ ഗുണഭോക്താക്കളെ ഇന്ദിരാഗാന്ധി ദേശീയ വയോജന പെൻഷൻ പദ്ധതിയുടെ ഗുണഭോക്താക്കളാക്കിമാറ്റുക എന്ന ഭേദഗതി നിർദ്ദേശത്തോടെ കേന്ദ്ര ഗ്രാമവികസന മന്ത്രാലയം സുപ്രീംകോടതിയിൽ ഇടക്കാല ഹർജി (IA 84/2008) സമർപ്പിച്ചുവെങ്കിലും അതിന്മേൽ സുപ്രീം കോടതിയുടെ വിധി നാളിതുവരെ വന്നിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ അന്നപൂർണ്ണ പദ്ധതിയുടെ നിലവിലുള്ള മാനദണ്ഡത്തിൽ മാറ്റം വരുത്താൻ കഴിയില്ല. എന്നിരുന്നാലും കൂടുതൽ അർഹരായ ഗുണഭോക്താക്കളെ ബി. പി. എൽ. മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ഇന്ദിരഗാന്ധി ദേശീയ വയോജന പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള നടപടികളെപ്പറ്റി സംസ്ഥാനത്തിന് പരിഗണിക്കാമെന്നാണ് കേന്ദ്ര സർക്കാർ അറിയിച്ചിരുന്നത്. ഈ നിർദ്ദേശത്തിന്മേൽ തുടർനടപടി സ്വീകരിക്കാൻ തദ്ദേശ സ്വയം ഭരണ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

## ശിപാർശ 7 (ഖണ്ഡിക - 22)

ഉപഭോക്താക്കളെ അവരുടെ അവകാശങ്ങളെക്കുറിച്ച് ബോധവത്ക്കരിക്കുന്നതിനായി വകുപ്പ് ലഘുലേഖകൾ പ്രസിദ്ധീകരിക്കുകയും ഡോക്യുമെന്ററികൾ പ്രദർശിപ്പിക്കുകയും ചെയ്യുന്നുണ്ടെങ്കിലും വലിയൊരു വിഭാഗം ജനങ്ങളും പ്രസ്തുത അവകാശങ്ങൾ സംബന്ധിച്ച് ബോധവാന്മാരല്ല. ആയതിനാൽ പൊതുജനങ്ങൾ കൂടുതലായി എത്തുന്ന സർക്കാർ സ്ഥാപനങ്ങളുടെ മുന്നിലും, പൊതുവിതരണ കേന്ദ്രങ്ങളുടെ മുന്നിലും മറ്റു പൊതുസ്ഥലങ്ങളിലും ഉപഭോക്തൃ അവകാശങ്ങൾ വ്യക്തമാക്കുന്ന പരസ്യ ഫലകങ്ങൾ സ്ഥാപിക്കണമെന്നും, കൂടാതെ ഉപഭോക്തൃ അവകാശം വ്യക്തമാക്കുന്ന പുസ്തകങ്ങളും ലഘു ലേഖകളും പഞ്ചായത്തുതലം മുതൽ വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

പൊതുജനങ്ങൾ കൂടുതലായി എത്തുന്ന സർക്കാർ സ്ഥാപനങ്ങളുടെ മുന്നിലും പൊതുവിതരണ കേന്ദ്രങ്ങളുടെ മുന്നിലും മറ്റ് പൊതു സ്ഥലങ്ങളിലും ഉപഭോക്തൃ അവകാശങ്ങൾ വ്യക്തമാക്കുന്ന പരസ്യഫലകങ്ങളും നോട്ടീസും പൊതുജനങ്ങൾക്ക്

കാണാവുന്ന രീതിയിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. അതോടൊപ്പം ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലും, ഫോറങ്ങളിലും മേൽപ്പറഞ്ഞവയെ കൂടാതെ ടോൾഫ്രീ നമ്പരായ 1800-425-1550 അടങ്ങിയ സ്റ്റിക്കറുകൾ പ്രദർശിപ്പിച്ചിട്ടുണ്ട്. ചൂഷണത്തിന് വിധേയരായിട്ടുള്ള ഉപഭോക്താക്കൾക്ക് എപ്രകാരം തങ്ങളുടെ പരാതികളിൽ പരിഹാരമുണ്ടാകുമെന്നും ഉപഭോക്തൃ അവകാശങ്ങൾ സംബന്ധിച്ച അവബോധം നൽകുന്നതിനും ഇതുവഴി സാധിച്ചിട്ടുണ്ട്. കൂടാതെ ദേശീയ ഉപഭോക്തൃ ദിനാചരണത്തോട് അനുബന്ധിച്ച് വിവിധ സെമിനാറുകളും ശിൽപശാലകളും സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിൽ എല്ലാ വർഷവും വിപുലമായി സംഘടിപ്പിച്ച് വരുന്നുണ്ട്. ഈ അവസരങ്ങളിൽ ഉപഭോക്തൃ ബോധവൽക്കരണവുമായി ബന്ധപ്പെട്ട് ഉപഭോക്തൃ അവകാശങ്ങൾ വ്യക്തമാക്കുന്ന പുസ്തകങ്ങളും ലഘുലേഖകളും പൊതുജനങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി സിവിൽ സപ്ലൈസ് കമ്മീഷണറുടെ ഓഫീസിൽ നിന്നും അച്ചടിച്ച് എല്ലാ ജില്ലാ സപ്ലൈ ഓഫീസുകളിലും ലഭ്യമാക്കി വരുന്നുണ്ട്. ഈ പുസ്തകങ്ങളും ലഘുലേഖകളും ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങൾ വഴി പഞ്ചായത്ത് തലം മുതൽ വിതരണം ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

## സമിതി ആവശ്യപ്പെട്ട അധികവിവരം

"സേവനാവകാശ നിയമ പ്രകാരം എൻ.ജി.ഒകളുടെ നേതൃത്വത്തിൽ ഉപഭോക്താക്കളുടെ അവകാശ അധികാരങ്ങളെ സംബന്ധിച്ചും ഭക്ഷ്യപൊതുവിതരണ മേഖലയിൽ സർക്കാർ നടപ്പാക്കുന്ന വിവിധ ആനുകൂല്യങ്ങളെ സംബന്ധിച്ചുമുള്ള ഒരു കരട് രേഖ തയ്യാറാക്കി പൊതുജനങ്ങൾ കൂടുതലായി എത്തുന്ന എല്ലാ സർക്കാർ സ്ഥാപനങ്ങൾ, പൊതുവിതരണ കേന്ദ്രങ്ങൾ എന്നിവയുടെ മുന്നിൽ പ്രദർശിപ്പിക്കുന്നത് അഭികാമ്യമാണെന്നും, ഉപഭോക്താക്കളുടെ ഇടയിൽ ഇത്തരത്തിലുള്ള ബോധവൽക്കരണം സംഘടിപ്പിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ മേൽനോട്ടത്തിൽ സ്പെഷ്യലൈസ്ഡ് ആയ ഏജൻസികൾ സംഘടനകൾ മുഖാന്തിരം ഒരു ജില്ലയിൽ ഒരു പഞ്ചായത്തിലെങ്കിലും ഈ വിഷയവുമായി ബന്ധപ്പെട്ട് ക്യാമ്പയിൽ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണം"

## സർക്കാർ സ്വീകരിച്ച നടപടി

1. വിവരാവകാശ നിയമം സേവനാവകാശ നിയമം ഇവയുമായി ബന്ധപ്പെട്ട് ഏതെല്ലാം

സേവനങ്ങൾ ലഭ്യമാകും എന്നുള്ള ബോർഡുകൾ എല്ലാ ഓഫീസുകളിലും സ്ഥാപിച്ചിട്ടുണ്ട്.

2. ഉപഭോക്തൃ ബോധവൽക്കരണത്തിനായുള്ള ബോർഡുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുള്ളതും ക്വട്ടേഷൻ നടപടികൾ നടന്നുവരുന്നതുമാണ്. ഒരു മാസത്തിനുള്ളിൽ പ്രസ്തുത ബോർഡുകൾ വകുപ്പിന്റെ എല്ലാ ഓഫീസുകളിലും പ്രദർശിപ്പിക്കുന്നതാണ്.

3. ജംഗ് ഫുഡിന്റെ ദോഷവശങ്ങളെക്കുറിച്ചും ഉപഭോക്തൃ അവകാശങ്ങളെക്കുറിച്ചും എല്ലാ ജില്ലകളിലെയും 5 സ്കൂളുകളിൽ വീതം ബോധവൽക്കരണ ക്ലാസുകൾ നടത്തുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. കൈപുസ്തകത്തിന്റെ കരട് പുസ്തക രൂപത്തിൽ തയ്യാറാക്കി നൽകുന്നതിന് പൊതുവിതരണ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

4. കേന്ദ്ര ബഡ്ജറ്റ് 2017-18-ൽ Central Sector Scheme - Consumer Affair - Consumer Protection എന്ന Component-ൽ സെമിനാറുകളും മീറ്റിംഗുകളും സംഘടിപ്പിക്കുന്നതിനായി എല്ലാ സംസ്ഥാനങ്ങൾക്കുമായി 3 കോടി രൂപ നീക്കി വച്ചിട്ടുണ്ട്. പ്രസ്തുത തുകയിൽ നിന്നും കേരളത്തിലെ 152 ബ്ലോക്കുകളിൽ കുടുംബശ്രീ അംഗങ്ങൾ/വോളന്റിയർ ഓർഗനൈസേഷൻ/കോളേജ് വിദ്യാർത്ഥികൾക്കായി സമകാലിക വിഷയങ്ങളായ GST/Consumer Rights/ Use of Junk Food & Fast Food എന്നീ വിഷയങ്ങളിൽ സെമിനാറുകൾ/ ചർച്ചാ ക്ലാസുകൾ സംഘടിപ്പിക്കുന്നതിനായി 30,40,000/- രൂപ അനുവദിക്കുന്നതിനായുള്ള ഒരു പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് മേൽ പറഞ്ഞ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതാണ്.

## ശിപാർശ 8 (ഖണ്ഡിക 24)

ജില്ലാ ഫോറങ്ങളിൽ നിരവധി കേസുകൾ തീർപ്പാക്കാനായി അവശേഷിക്കുന്നതായി സമിതി മനസിലാക്കുന്നു. നടപടികൾ പൂർത്തിയാകുന്നതിനെടുക്കുന്ന കാലതാമസം ബന്ധപ്പെട്ട വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും വളരെയേറെ സമയനഷ്ടവും സാമ്പത്തിക നഷ്ടവുമുണ്ടാക്കുന്നതിനാൽ ജില്ലാ ഫോറങ്ങളിലെത്തുന്ന കേസുകൾ സ്പീഡ് ട്രാക്ക്

സംവിധാനത്തിൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

ഉപഭോക്തൃ ഫോറങ്ങളിൽ എത്തുന്ന കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് അദാലത്തുകൾ സംഘടിപ്പിക്കുന്നുണ്ട്. ഫോറത്തിൽ രജിസ്റ്റർ ചെയ്യുന്ന കേസുകളിൽ രമ്യമായി പരിഹരിക്കാൻ സാദ്ധ്യതയുള്ള കേസുകൾ ഒന്നാമത്തെ കൂടികാഴ്ചയിൽ തന്നെ രണ്ടു കക്ഷികളോടും സംസാരിച്ച് പരമാവധി തീർപ്പ് കൽപ്പിക്കാറുണ്ട്. ഇതിന് പുറമേ ലീഗൽ സർവ്വീസ് അതോറിറ്റിയുടെ നേതൃത്വത്തിലുള്ള അദാലത്തുകളിൽ ഒത്തു തീർപ്പിന് നേരിയ സാദ്ധ്യതകളെങ്കിലുമുള്ള കേസുകൾ ശിപാർശ ചെയ്യുകയും അതിന് ബന്ധപ്പെട്ട കക്ഷികളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു വരുന്നു. എന്നാൽ കക്ഷികൾ ഹാജരാകാത്തതിനാൽ കേസുകൾ തീർപ്പാക്കുന്നതിൽ ചെറിയ കാലതാമസം ഉണ്ടാകാറുണ്ട്. ദേശീയ ഉപഭോക്തൃ കമ്മീഷന്റെ നിർദ്ദേശാനുസരണം സംസ്ഥാനതല അദാലത്ത് വർഷം തോറും നടത്തി വരുന്നു. പ്രസ്തുത അദാലത്തുകളിൽ ഉപഭോക്താക്കൾക്ക് പരമാവധി പ്രയോജനം കിട്ടത്തക്ക രീതിയിൽ വ്യവഹാരങ്ങൾക്ക് തീർപ്പ് കൽപ്പിക്കുന്നതിനാൽ മികച്ച പ്രതികരണമാണ് ഇത്തരം അദാലത്തുകൾക്ക് ലഭിച്ചുവരുന്നത്. കമ്മിഷനിലേയും ഫോറങ്ങളിലേയും നിലവിലെ ഘടന അനുസരിച്ച് സ്പീഡ് ട്രാക്ക് സംവിധാനം ഏർപ്പെടുത്തുക എന്നത് ശ്രമകരമായ ദൗത്യമാണ്.

## ശിപാർശ 9 (ഖണ്ഡിക 30)

സംസ്ഥാനത്ത് സപ്ലൈകോയുടെ 93 മാവേലി മെഡിക്കൽ സ്റ്റോറുകളും 5 മെഡിക്കൽ ഹോൾസെയിൽ ഡിവിഷനുകളും പ്രവർത്തിക്കുന്നു. മാവേലി മെഡിക്കൽ സ്റ്റോറുകളിൽ എല്ലാ മരുന്നുകൾക്കും 13% വിലക്കുറവും ഇൻസുലിൻ മരുന്നിന് 17% വരെ വിലക്കുറവും കൂടാതെ ബി.പി.എൽ. കുടുംബങ്ങൾക്ക് എല്ലാ മരുന്നുകൾക്കും 25% വിലക്കുറവിൽ മാസം 1000 രൂപയുടവരെയും നൽകുന്നുണ്ടെങ്കിലും കൂടുതൽ ജനങ്ങളും പൊതുവിപണിയിലെ മെഡിക്കൽ സ്റ്റോറുകളെയാണ് ആശ്രയിക്കുന്നത്. ജനവാസ മേഖലകളിലും ആശുപത്രി പരിസരങ്ങളിലും മാവേലി മെഡിക്കൽ സ്റ്റോറുകൾ ഇല്ലാത്തത് ഇതിന് കാരണമായി സമിതി കാണുന്നു. കൂടാതെ മാവേലി മെഡിക്കൽ

സ്റ്റോറുകൾ അനുവദിക്കുന്നതിന് പ്രത്യേക മാനദണ്ഡമില്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രത്യേക മാനദണ്ഡം രൂപീകരിച്ച് ഒരു മണ്ഡലത്തിൽ ഒരു മാവേലി മെഡിക്കൽ സ്റ്റോർ വീതം പ്രത്യേകിച്ച് ആശുപത്രി പരിസരങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

നിലവിൽ സപ്ലൈകോയുടെ കീഴിൽ കേരളത്തിലുടനീളം 102 മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനമൊട്ടാകെ പുതിയ സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്തു വരുന്നു. ആശുപത്രികളിലും പരിസര പ്രദേശങ്ങൾ കേന്ദ്രീകരിച്ചും മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിന് അനുയോജ്യമായ കെട്ടിടങ്ങൾ കണ്ടെത്തി സാധ്യതാ പഠന റിപ്പോർട്ട് സഹിതം പ്രൊപ്പോസൽ സമർപ്പിക്കുവാൻ എല്ലാ റീജിയണൽ മാനേജർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

2011 മെയ് മാസം മുതൽ ഇതുവരെ 18 പുതിയ മെഡിക്കൽ സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ 4 പുതിയ മെഡിക്കൽ സ്റ്റോറുകൾ തുറന്നു പ്രവർത്തിക്കുന്നതിന് സജ്ജമായി വരികയാണ്.

## ശിപാർശ 10 (ഖണ്ഡിക 31)

ഒരു കോടിയിലധികം ജനങ്ങൾ ആശ്രയിക്കുന്ന സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിൽപ്പന ശാലകൾക്ക് ജനങ്ങളുടെ വിശ്വാസം നേടാനായത് സപ്ലൈകോ വഴിയുള്ള മാർക്കറ്റ് ഇടപെടൽ ജനങ്ങൾക്ക് സ്വീകാര്യമായതിനാലാണ്. ശാസ്ത്രീയമായ വിലനിർണ്ണയം, ശാസ്ത്രീയമായ സ്റ്റോക്ക് മാനേജ്മെന്റ്, പർച്ചേസ് മാനേജ്മെന്റ്, ഇൻവെന്ററി മാനേജ്മെന്റ്, കർശനമായ ധനകാര്യ മാനേജ്മെന്റ് ശക്തമായ വിജിലൻസ് വിഭാഗം, ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങളുടെ വിപണനം, കമ്പ്യൂട്ടർ ബില്ലിംഗ് എന്നിവ വഴി മലയാളി സപ്ലൈകോയെ ഇരുകൈയും നീട്ടി സ്വീകരിച്ചതിനുദാഹരണമാണ് വർദ്ധിച്ചുവരുന്ന സപ്ലൈകോയുടെ വിൽപ്പനശാലകൾ. കൂടുതൽ ആനുകൂല്യം പരമാവധി ജനങ്ങളിലേക്ക് എത്തിക്കുന്നതിൽ സപ്ലൈകോയുടെ വിൽപ്പനശാലകൾ വലിയ പങ്ക് വഹിക്കുന്നു. ആയത് വിപുലീകരിക്കുന്നതിനായി

സപ്ലൈകോയുടെ കീഴിൽ ജില്ലകൾ തോറും മൊബൈൽ മാവേലി സ്റ്റോറുകൾ ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടികൾ

## ഭക്ഷ്യപൊതുവിതരണ (സി) വകുപ്പിന്റെ 19.08.2016-ലെ മറുപടി

നിലവിൽ കേരളത്തിൽ കൊല്ലം ജില്ലയിൽ ഒഴികെ (വാഹനത്തിന്റെ അപര്യാപ്തത മൂലം) ബാക്കി എല്ലാ ജില്ലകളിലും മൊബൈൽ മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. 2014-16 കാലയളവിൽ വിവിധ ഇടങ്ങളിൽ 11 മൊബൈൽ മാവേലി സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ തീരദേശം, മലയോരം, പിന്നോക്ക പ്രദേശങ്ങളിലെ ജനങ്ങൾക്ക് അവശ്യസാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിലേക്കായി നിലവിൽ കേരളത്തിലുടനീളം 22 മൊബൈൽ മാവേലി സ്റ്റോറുകൾ പ്രവർത്തനം നടത്തുന്നുണ്ട്.

ജില്ല തിരിച്ചുള്ള കണക്കുകൾ താഴെ കൊടുക്കുന്നു. നിലവിൽ എല്ലാ മൊബൈൽ മാവേലി സ്റ്റോറുകളും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഇവയുടെ സാമൂഹിക പ്രയോജനം മുൻനിർത്തി കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കേണ്ടതാണെങ്കിലും ആയതിനുള്ള വാഹനങ്ങൾ വാങ്ങുന്നതിന് സപ്ലൈകോയുടെ നിലവിലെ സാമ്പത്തിക സ്ഥിതി അനുവദിക്കുന്നില്ല.

| ക്രമ നം | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 2 |
| 2 | ആലപ്പുഴ | 1 |
| 3 | പത്തനംതിട്ട | 1 |
| 4 | കോട്ടയം | 1 |
| 5 | ഇടുക്കി | 2 |
| 6 | എറണാകുളം | 3 |
| 7 | തൃശ്ശൂർ | 1 |
| 8 | പാലക്കാട് | 2 |
| 9 | മലപ്പുറം | 1 |
| 10 | കോഴിക്കോട് | 2 |

| | | |
|---|---|---|
| 11 | വയനാട് | 3 |
| 12 | കണ്ണൂർ | 2 |
| 13 | കാസറഗോഡ് | |

## ഭക്ഷ്യപൊതുവിതരണ (സി) വകുപ്പിന്റെ 24.06.2017-ലെ മറുപടി

2014-16 കാലയളവിൽ കേരളത്തിൽ വിവിധ ഇടങ്ങളിലായി 11 മൊബൈൽ മാവേലി സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്. (25.02.2014 തീയതിയിൽ 10 മൊബൈൽ മാവേലി സ്റ്റോറുകളും 21.01.2016 തീയതിയിൽ ഒരു മൊബൈൽ മാവേലി സ്റ്റോറും ഉദ്ഘാടനം ചെയ്തു.) നിലവിൽ കേരളത്തിൽ കൊല്ലം ജില്ലയിൽ ഒഴികെ ബാക്കി എല്ലാ ജില്ലകളിലും മൊബൈൽ മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. കേരളത്തിലെ തീരദേശം, മലയോരം, പിന്നോക്ക പ്രദേശങ്ങളിലെ ജനങ്ങൾക്ക് അവശ്യസാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിലേക്കായി നിലവിൽ കേരളത്തിലുടനീളം 22 മൊബൈൽ മാവേലി സ്റ്റോറുകൾ പ്രവർത്തനം നടത്തുന്നുണ്ട്.

ജില്ല തിരിച്ചുള്ള കണക്കുകൾ താഴെകൊടുക്കുന്നു.

| ക്രമ നം | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 2 |
| 2 | ആലപ്പുഴ | 1 |
| 3 | പത്തനംതിട്ട | 1 |
| 4 | കോട്ടയം | 1 |
| 5 | ഇടുക്കി | 2 |
| 6 | എറണാകുളം | 3 |
| 7 | തൃശ്ശൂർ | 1 |
| 8 | പാലക്കാട് | 2 |
| 9 | മലപ്പുറം | 1 |
| 10 | കോഴിക്കോട് | 2 |
| 11 | വയനാട് | 3 |
| 12 | കണ്ണൂർ | 2 |
| 13 | കാസറഗോഡ് | 1 |

എല്ലാ മൊബൈൽ മാവേലി സ്റ്റോറുകളും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. എന്നാൽ ഇവയുടെ സാമൂഹിക പ്രയോജനം മുൻനിർത്തി കൂടുതൽ പ്രദേശങ്ങളിൽ ഇവയുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന് വാഹനങ്ങൾ ആവശ്യമാണ്. ഇക്കാര്യത്തിന്മേൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

## സമിതി ആവശ്യപ്പെട്ട അധികവിവരം

സിവിൽ സപ്ലൈസ് കോർപ്പറേഷന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നത് കണക്കിലെടുക്കാതെ സമൂഹ നന്മയെ കരുതി എല്ലാ ജില്ലകളിലും ആധുനിക രീതിയിൽ മൊബൈൽ മാവേലി സ്റ്റോറുകൾ ആരംഭിച്ച് അവയുടെ സേവനം ജനങ്ങൾക്ക് ലഭ്യമാക്കുക.

## സർക്കാർ സ്വീകരിച്ച നടപടി

കേരളത്തിലുടനീളം നിലവിൽ 22 മൊബൈൽ മാവേലി സ്റ്റോറുകൾ പ്രവർത്തനം നടത്തുന്നുണ്ട്. എല്ലാ മൊബൈൽ മാവേലി സ്റ്റോറുകളും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. എന്നാൽ ഇവയുടെ സാമൂഹിക പ്രയോജനം മുൻനിർത്തി പുതുതായി 50 മൊബൈൽ മാവേലി സ്റ്റോറുകൾ തുടങ്ങാൻ സാധിച്ചാൽ സംസ്ഥാനത്തെ വിദൂര മേഖലയിൽ വസിക്കുന്നവർക്കും അവശ്യ സാധനങ്ങൾ വാങ്ങുന്നതിന് സാധിക്കുകയും ഓരോ ജില്ലയിലും 4 എണ്ണം വീതമെങ്കിലും വിൽപ്പന കേന്ദ്രങ്ങൾ ഉണ്ടാവുന്നതിന് കാരണമാവുകയും ചെയ്യും. ഇങ്ങനെ പുതുതായി തുടങ്ങാൻ ഉദ്ദേശിക്കുന്ന മൊബൈൽ സ്റ്റോറുകൾക്കായി സാധനങ്ങൾ എത്തുന്നതിന് വാഹനങ്ങൾ അത്യാവശ്യമാണ്. ഈ ഇനത്തിലേയ്ക്ക് 2017-18 ബജറ്റിൽ 8 കോടി രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും തുകയൊന്നും അനുവദിച്ചിട്ടില്ല.

## ശിപാർശ 11 (ഖണ്ഡിക 32)

ജില്ലാ കളക്ടർ തെരഞ്ഞെടുക്കുന്ന ഹോട്ടലുകൾക്ക് സപ്ലൈകോ വഴി സാധനങ്ങൾ വിതരണം ചെയ്യുന്നുണ്ട്. വൃത്തിഹീനമായ സ്ഥലങ്ങളിൽ ഭക്ഷണം പാചകം ചെയ്യുകയും ഗുണനിലവാരമില്ലാത്ത ഭക്ഷണ പദാർത്ഥങ്ങൾ ഉപയോഗിക്കുകയും ചെയ്യുന്ന ഹോട്ടലുകളിലെ ഭക്ഷണം കഴിച്ച് ഭക്ഷ്യ വിഷബാധമൂലം ജനങ്ങൾ ആശുപത്രിയിലാകുന്നതും മരിക്കുന്നതും നിത്യസംഭവമായി മാറിക്കഴിഞ്ഞ

ഇന്നത്തെ സാഹചര്യത്തിൽ ഗുണമേന്മയുള്ള പദാർത്ഥങ്ങൾ ഉപയോഗിച്ചും ശുചിത്വമുള്ള സാഹചര്യത്തിലും ഭക്ഷണം പാകം ചെയ്ത് ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി ടൗണുകൾ തോറും ന്യായ വില സപ്ലൈകോ ഹോട്ടലുകൾ ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2013-14-ലെ ബജറ്റ് പ്രഖ്യാപനം അനുസരിച്ച് ഓരോ താലൂക്കിലും 'തൃപ്തി' ന്യായവില ഹോട്ടലുകൾ തുടങ്ങുന്നതിന് നിർദ്ദേശം ഉണ്ടായിരുന്നു. സാധാരണക്കാരായ ആളുകൾക്ക് പ്രത്യേകിച്ച് തൊഴിലാളി വിഭാഗങ്ങൾക്ക് കുറഞ്ഞ ചിലവിൽ ഭക്ഷണം ഉറപ്പു വരുത്തുക എന്നതായിരുന്നു ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

**ശിപാർശ 12 (ഖണ്ഡിക 33)**

സപ്ലൈകോ സ്റ്റോറുകളിലൂടെ വിൽക്കുന്ന എല്ലാ ഭക്ഷ്യധാന്യങ്ങളും സി.എഫ്.ആർ.ഡി.യുടെ സൂക്ഷ്മനിരീക്ഷണ പരിശോധന നടത്തിയതിനു ശേഷമാണ് വിതരണം ചെയ്യുന്നത്. ഗുണനിലവാരമില്ലാത്ത സാധനങ്ങൾ വിതരണം ചെയ്ത് കോർപ്പറേഷന് നഷ്ടമുണ്ടാക്കിയ കേസ്സുകൾ സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. ആയതിനാൽ സപ്ലൈകോയ്ക്ക് സാധനങ്ങൾ വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ / ഏജൻസികൾ ഭക്ഷ്യസുരക്ഷാ മാനദണ്ഡ പ്രകാരം പ്രവർത്തിക്കുന്നവയാണെന്ന് ഉറപ്പുവരുത്തണമെന്നും സാധനങ്ങൾ സ്വീകരിക്കുന്ന സമയത്ത് തന്നെ അവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പരിശോധന നടത്തണമെന്നും നിശ്ചിത ഗുണനിലവാരമില്ലാത്ത സാധനങ്ങൾ വിതരണം ചെയ്യുന്ന സ്ഥാപനങ്ങളെ കരിമ്പട്ടികയിൽപ്പെടുത്തി ഒഴിവാക്കണമെന്നും കൂടാതെ ജൈവ കൃഷിയിലൂടെ ഉത്പാദിപ്പിക്കുന്ന ഭക്ഷ്യപദാർത്ഥങ്ങൾ സപ്ലൈകോ വഴി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

സപ്ലൈകോ ഇ-ടെൻഡറിലൂടെ വാങ്ങുന്ന സാധനങ്ങൾ ഡിപ്പോയിൽ വരുന്ന സമയത്ത് തന്നെ ഗുണമേന്മ ഉറപ്പു വരുത്താൻ അതാതു ജില്ലകളിൽ ഗുണമേന്മാ പരിശോധകരെ നിയമിച്ചിട്ടുണ്ട്. സപ്ലൈകോയുടെ ഗുണനിലവാര മാനദണ്ഡത്തിൽ പെടാത്ത സാധനങ്ങൾ അപ്പോൾതന്നെ തിരസ്കരിക്കാറുണ്ട്. സപ്ലൈകോയ്ക്ക്

സാധനങ്ങൾ വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ/ഏജൻസികൾ എന്നിവർ ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ പ്രകാരം പ്രവർത്തിക്കണമെന്നും ഭക്ഷ്യ സുരക്ഷാ ലൈസൻസ് നിർബന്ധമായും ഉണ്ടായിരിക്കണമെന്നും പർച്ചേസ് വിഭാഗത്തിൽ നിന്നും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എഫ്.എം.സി.ജി വഴി വാങ്ങുന്ന ഭക്ഷ്യ സാധനങ്ങൾ എല്ലാം ഭക്ഷ്യ സുരക്ഷാ ലൈസൻസ് ഉള്ള സ്ഥാപനങ്ങളിൽ നിന്നാണ് വാങ്ങുന്നത്.

**ശിപാർശ 13 (ഖണ്ഡിക 35)**

സപ്ലൈകോ സംഭരിക്കുന്ന നെല്ലിന്റെ വില കർഷകർക്ക് ലഭ്യമാക്കാൻ ചിലപ്പോഴെല്ലാം കാലതാമസമുണ്ടാകുന്ന കാര്യം സമിതി ഗൗരവമായി കാണുന്നു. കേന്ദ്ര/സംസ്ഥാന സർക്കാരിൽ നിന്നും ഫണ്ട് ലഭിക്കാനുള്ള താമസമാണ് പ്രസ്തുത കാലതാമസത്തിന് കാരണമെന്നതിനാൽ സപ്ലൈകോയിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന കർഷകരിൽ നിന്നും നെല്ല് സംഭരിച്ചു കഴിഞ്ഞാൽ കാലതാമസമില്ലാതെ നെല്ലിന്റെ വില നൽകാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2014-15 വർഷത്തിൽ കിലോയ്ക്ക് 19 രൂപയായിരുന്ന സംഭരണ വില 2015-16 ൽ കിലോയ്ക്ക് 21.50 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ എം.എസ്.പി. (മിനിമം സപ്പോർട്ട് പ്രൈസ്) ആയി നല്കുന്ന 14.10 രൂപയും കേരള സർക്കാർ എസ്.ഐ.ബി. (സ്റ്റേറ്റ് ഇൻസെന്റീവ് ബോണസ്) ആയി നല്കുന്ന 7.40 രൂപയും ചേർത്താണ് നെല്ലിന് കിലോയ്ക്ക് 21.50 രൂപ നൽകുന്നത്. സംസ്ഥാന വിഹിതമായ ഇൻസെന്റീവ് ബോണസ് നല്കുന്നതിനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്താറുണ്ട്. 2016 ഒക്ടോബർ മുതലുള്ള സംഭരണ സീസണിൽ നെല്ലിന്റെ സംഭരണ വില 22.50 രൂപയായി ഉയർത്തിയിട്ടുണ്ട്.

2015-16 വർഷം ബഡ്ജറ്റിൽ വകയിരുത്തിയ 190 കോടി രൂപ പൂർണ്ണമായും അനുവദിച്ചിട്ടുണ്ട്. ബഡ്ജറ്റ് വിഹിതത്തിനു പുറമെ അധിക വിഹിതമായി 168 കോടി രൂപ കൂടി അനുവദിച്ച് നൽകിയിട്ടുണ്ട് (ആകെ 358 കോടി രൂപ).

**സമിതി ആവശ്യപ്പെട്ട അധിക വിവരം**

2017-18 സാമ്പത്തിക വർഷം നവംബർ 1 വരെ നെല്ലിന്റെ സംഭരണ

വിലയിനത്തിൽ വിതരണം ചെയ്ത തുക, കടിശ്ശിക തുക എന്നിവ സംബന്ധിച്ച വിവരങ്ങൾ.

## സർക്കാർ സ്വീകരിച്ച നടപടി

2017-18 സീസൺ മുതൽ നെല്ലിന്റെ സംഭരണ വില 23.30 രൂപയായി ഉയർന്നിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം നവംബർ 1 വരെ നെല്ലിന്റെ സംഭരണ വിലയിനത്തിൽ കർഷകർക്ക് 308,86,77,617/- (മുന്നൂറ്റിയെട്ട് കോടി എൺപത്തിയാറ് ലക്ഷത്തി എഴുപത്തിയേഴായിരത്തി അറുന്നൂറ്റി പതിനേഴ് രൂപ മാത്രം) രൂപ വിതരണം ചെയ്തിട്ടുണ്ട്. 62,11,91,770/- (അറുപത്തിരണ്ട് കോടി പതിനൊന്ന് ലക്ഷത്തി തൊണ്ണൂറ്റിയൊന്നായിരത്തി എഴുന്നൂറ്റി എഴുപത് രൂപ മാത്രം) രൂപ വിതരണം ചെയ്യാനും ഉണ്ട്. നെൽ കൃഷിക്കാർക്ക് നെല്ലിന്റെ വില കിട്ടുന്നതിലെ കാലതാമസം ഒഴിവാക്കുക എന്ന ഉദ്ദേശ്യത്തോടെ പ്രമുഖ ബാങ്കുകളുടെ സഹകരണത്തോടെ PRS (പാഡി റസീപ്റ്റ് ഷീറ്റ്) വായ്പാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം സപ്ലൈകോയ്ക്ക് നെല്ല് നൽകിയതിന്റെ രസീതി ബാങ്കിൽ ഏൽപ്പിച്ചാൽ ഏതാനും ദിവസങ്ങൾക്കുള്ളിൽ നെല്ലിന്റെ വില കർഷകന്റെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതാണ്. വായ്പ തുക പലിശ സഹിതം സർക്കാർ തിരിച്ചടയ്ക്കുന്നതാണ്. നെല്ല് സംഭരണ പദ്ധതിയ്ക്കായി സപ്ലൈകോ ബാങ്കുകളിൽ നിന്നും നേരിട്ടെടുത്തിട്ടുള്ള വായ്പയും ഈ പദ്ധതി പ്രകാരമുള്ള വായ്പയും കൂടി വായ്പാ പരിധി 925 കോടിയായി നിജപ്പെടുത്തിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ 525 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിനാൽ 31.10.2017 വരെ 161.06 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

## ശിപാർശ 14 (ഖണ്ഡിക 36)

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വില്പന ശാലകൾ വഴി വിതരണം ചെയ്യുന്ന സാധനങ്ങൾ സംഭരിച്ച് സൂക്ഷിക്കുന്നത് കോർപ്പറേഷന്റെ സ്വന്തം ഗോഡൗണുകളിലും സ്റ്റേറ്റ് വെയർ ഹൗസിന്റെയും സ്വകാര്യ ഏജൻസികളുടെയും ഗോഡൗണുകളിലുമാണ്. ഗോഡൗണുകളുടെ നിർമ്മാണത്തിനായി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, തൃശ്ശൂർ, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിലായി 10 സ്ഥലങ്ങളിൽ ഭൂമി കണ്ടെത്തിയെന്നും അവ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടക്കുകയാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. ഏകദേശം നാലു

ലക്ഷം മെട്രിക് ടൺ സാധനങ്ങൾ മാസം തോറും സംഭരിക്കേണ്ട ആവശ്യം നമ്മുടെ സംസ്ഥാനത്തിനുണ്ട്. എന്നാൽ ഏകദേശം ഒൻപതിനായിരം ടൺ സാധനം സംഭരിക്കാനുള്ള സൗകര്യമാണ് കോർപ്പറേഷനുള്ളത്. കൂടാതെ ഭക്ഷ്യ സുരക്ഷ നിയമ പ്രകാരം 4 മാസത്തേയ്ക്ക് സംസ്ഥാനത്തിനാവശ്യമായ മുഴുവൻ ഭക്ഷ്യധാന്യങ്ങളും സംഭരിക്കുന്നതിനായി ഇപ്പോഴുള്ള സംഭരണ സംവിധാനങ്ങൾ തികച്ചും അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഗോഡൗൺ നിർമ്മിക്കുന്നതിനായി റവന്യൂ വകുപ്പുമായി കൂടിയാലോചിച്ച് ഭൂമി കണ്ടെത്തി പ്രസ്തുത സ്ഥലം ഏറ്റെടുത്ത് എത്രയും വേഗം ഗോഡൗൺ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും എല്ലാ ജില്ലകളിലും സൗകര്യപ്രദമായ സ്ഥലങ്ങളിൽ 10,000 ടൺവരെ സംഭരണ ശേഷിയുള്ള ആധുനിക ഗോഡൗൺ നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടികൾ

## ഭക്ഷ്യപൊതുവിതരണ (ഡി) വകുപ്പിന്റെ 27.07.2016-ലെ മറുപടി

2013-ലെ ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ നാല് മാസത്തേക്കുള്ള ഭക്ഷ്യ ധാന്യങ്ങൾ ആണ് സംസ്ഥാനത്തിന് സൂക്ഷിക്കേണ്ടിവരിക. നാലു മാസത്തേയ്ക്കുള്ള ഭക്ഷ്യ ധാന്യങ്ങൾ സൂക്ഷിക്കുന്നതിന് ആവശ്യമായ ഗോഡൗൺ സൗകര്യം സംസ്ഥാനത്ത് നിലവിലില്ലാത്ത സാഹചര്യത്തിൽ വിവിധ ജില്ലകളിൽ ജില്ലാ സപ്ലൈ ഓഫീസർമാർ കണ്ടെത്തിയ സ്ഥലങ്ങൾ സിവിൽ സപ്ലൈസ് വകുപ്പിന്റെ പേരിൽ പതിച്ച് നല്കണം എന്ന് ആവശ്യപ്പെട്ടു കൊണ്ട് അതാത് ജില്ലാ കളക്ടർമാർക്ക് റിക്വസിഷൻ ഫോറം നല്കിയിട്ടുണ്ട്. ടി ഭൂമികൾ പതിച്ച് കിട്ടുന്ന മുറയ്ക്ക് ഗോഡൗൺ പണിയുന്നതിനുള്ള നടപടികൾ സിവിൽ സപ്ലൈസ് വകുപ്പ് സ്വീകരിക്കുന്നതാണ്.

## ഭക്ഷ്യപൊതുവിതരണ (സി) വകുപ്പിന്റെ 24.06.2017-ലെ മറുപടി

ഗോഡൗൺ നിർമ്മാണവുമായി ബന്ധപ്പെട്ട് സിവിൽ സപ്ലൈസ് കോർപ്പറേഷൻ സ്വന്തം നിലയിൽ കൊല്ലം, തിരുവല്ല എന്നീ സ്ഥലങ്ങളിൽ

ഗോഡൗൺ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകി കഴിഞ്ഞു. താലൂക്ക് തലത്തിൽ ഗോഡൗണുകൾ നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമായിട്ടില്ല. സ്ഥലം ലഭിക്കുന്നതിന് അനുസരിച്ച് സംഭരണ ശാലകൾ നിർമ്മിക്കുന്നതാണ്. ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ആദ്യ ഘട്ടത്തിൽ ഏകദേശം 100 കോടി രൂപ എസ്റ്റിമേറ്റിൽ (വസ്തു വില/തറ വാടക ഉൾപ്പെടെ) 12 മുതൽ 15 വരെ സംഭരണ ശാലകൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ കീഴിലുള്ള അധിക ലഭ്യത കണ്ടുപിടിച്ച് ഉപയോഗപ്പെടുത്തുവാനും ശ്രമിച്ചു വരുന്നുണ്ട്.

## സമിതി ആവശ്യപ്പെട്ട അധിക വിവരം

സംസ്ഥാനത്തിനാവശ്യമായ ഭക്ഷ്യധാന്യങ്ങൾ സംഭരിക്കുന്നതിനായി ഇപ്പോഴുള്ള സംഭരണ സംവിധാനങ്ങൾ തികച്ചും അപര്യാപ്തമായതിനാൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഗോഡൗൺ നിർമ്മിക്കുന്നതിനായി ഭൂമി പതിച്ചു കിട്ടുന്ന മുറയ്ക്ക് സിവിൽ സപ്ലൈസ് വകുപ്പ് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിരുന്നു. പ്രസ്തുത വിഷയത്തിന്മേലുള്ള നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുക.

## സർക്കാർ സ്വീകരിച്ച നടപടി

വകുപ്പിന് സ്വന്തമായി ഗോഡൗൺ പണിയുന്നതിനായി 12 ജില്ലകളിലായി 22 സ്ഥലങ്ങൾ ജില്ലാ സപ്ലൈ ഓഫീസർമാർ കണ്ടെത്തുകയുണ്ടായി. ടി സ്ഥലങ്ങൾ പതിച്ചു നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് അതാത് ജില്ലാ കളക്ടർമാർക്ക് റിക്വസിഷൻ ഫോമുകൾ നല്കിയിട്ടുള്ളതുമാണ്. നിലവിൽ കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിലെ മൊറാഴ വില്ലേജിൽ കണ്ടെത്തിയിട്ടുള്ള ഭൂമി മാത്രമാണ് സിവിൽ സപ്ലൈസ് വകുപ്പിന് പതിച്ചു നല്കിയിട്ടുള്ളത്. ജില്ലാ കളക്ടർമാരുടെ യോഗത്തിൽ അജണ്ടയായി ഈ കാര്യം

ചർച്ച ചെയ്യുകയും സത്വര നടപടി സ്വീകരിക്കുവാൻ കളക്ടർമാർക്ക് നിർദ്ദേശവും നല്കിയിട്ടുണ്ട്.

## ശിപാർശ (നം.) 15 (ഖണ്ഡിക 37)

എഫ്.സി.ഐ. ഗോഡൗണിൽ സൂക്ഷിച്ച ഭക്ഷ്യധാന്യങ്ങളിൽ അപകടകരമായ

അളവിൽ മാലത്തിയോൺ എന്ന കീടനാശിനി കണ്ടെത്തിയതായി പത്രത്തിൽ റിപ്പോർട്ട് ചെയ്തിരുന്നു. ചാക്കുകളിൽ കടന്നുകൂടുന്ന കീടങ്ങളെ നശിപ്പിക്കാനായി ഉപയോഗിച്ച ഇത്തരം മാരകമായ കീടനാശിനികൾ നാഡീവ്യവസ്ഥയെ തകരാറിലാക്കുകയും മാരകരോഗങ്ങൾക്ക് വഴിയൊരുക്കുകയും ചെയ്യുമെന്നതിനാൽ കൃത്യമായ രാസപരിശോധന നടത്തിയതിനുശേഷം മാത്രം ഗോഡൗണുകളിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ വിതരണത്തിനായി നൽകണമെന്നും ഇക്കാര്യം മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി ഗുണനിലവാരമുള്ള ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടികൾ

## ഭക്ഷ്യപൊതുവിതരണ (ഡി) വകുപ്പിന്റെ 20.02.2015-ലെ മറുപടി

ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം സിവിൽ സപ്ലൈസ് വകുപ്പിനില്ല. പ്രസ്തുത സംവിധാനം എഫ്.സി.ഐ. ക്കുണ്ട്. എഫ്.സി.ഐ. ക്വാളിറ്റി കൺട്രോൾ സെൽ ഉദ്യോഗസ്ഥർ പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കിയ ഭക്ഷ്യധാന്യങ്ങളാണ് വിട്ടെടുക്കുന്നത്.

## സമിതി 22.11.2016-ൽ ആവശ്യപ്പെട്ട അധിക വിവരം

ഭക്ഷ്യ ധാന്യങ്ങളുടെ ഗുണനിലവാരം പരിശോധിക്കാനുള്ള സംവിധാനം സിവിൽ സപ്ലൈസ് കോർപ്പറേഷനില്ലാത്തതിനാൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചു.

## സർക്കാർ സ്വീകരിച്ച നടപടി

ഭക്ഷ്യ ധാന്യങ്ങളുടെ ഗുണനിലവാരം പരിശോധിക്കാൻ ഭക്ഷ്യ വകുപ്പിന്റെ കീഴിലുള്ള കോന്നി CFRD യിൽ സംവിധാനം ഉണ്ട്.

ആവശ്യമായ സമയത്ത് ഈ സൗകര്യം സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഉപയോഗിച്ചു വരുന്നു.

## ഭക്ഷ്യപൊതുവിതരണ (സി) വകുപ്പിലെ 24.06.2017-ലെ മറുപടി

എഫ്.സി.ഐ. -ലെ ഭക്ഷ്യ സാധനങ്ങളിൽ ഇപ്പോൾ 'മാലത്തിയോൺ' എന്ന കീടനാശിനി ഉപയോഗിക്കാറില്ല. 'ഡെൽറ്റാമെത്രിൻ' ആണ് ഉപയോഗിക്കുന്നത്. എഫ്.സി.ഐ. യിൽ നിന്നും നൽകുന്ന ഭക്ഷ്യ വസ്തുക്കളിലെ വിഷാംശത്തിന്റെ അളവ്

അനുവദനീയമായ പരിധിയിൽ കൂടുതൽ ഉണ്ടോയെന്ന് രാസപരിശോധനയിലൂടെ മാത്രമേ അറിയാൻ കഴിയൂ. അത് ഉറപ്പു വരുത്തേണ്ടത് എഫ്.സി.ഐ. അധികൃതർ തന്നെയാണ്.

## സമിതി 2.11.2017-ൽ ആവശ്യപ്പെട്ട അധിക വിവരം

FCI യിൽ നിന്നും വിതരണം ചെയ്യുന്ന ഭക്ഷ്യ ധാന്യങ്ങളിലെ വിഷാംശത്തിന്റെ അളവ് അനുവദനീയമായ പരിധിയ്ക്കകത്താണോ ഉപയോഗിക്കുന്നത്, ഉപയോഗിക്കുന്ന കീടനാശിനികൾ ഏതൊക്കെയാണ്, ഏതൊക്കെ അളവിൽ കീടനാശിനി ഉപയോഗിക്കുന്നുണ്ട് തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## സർക്കാർ സ്വീകരിച്ച നടപടികൾ

## ഭക്ഷ്യപൊതുവിതരണ (സി), (ഡി) വകുപ്പുകളുടെ 27.11.2017 -ലെ മറുപടികൾ

I Food Safety Standard Authority of India (FSSAI) യുടെ മാനദണ്ഡങ്ങൾ പ്രകാരമുള്ള കീടനാശിനി മാത്രമേ ഭക്ഷ്യ ധാന്യങ്ങളിൽ കലർത്തുന്നുള്ളൂ. സംസ്ഥാന ഗവൺമെന്റ് ഉദ്യോഗസ്ഥരുടെയും FCI ഉദ്യോഗസ്ഥരുടെയും സംയുക്ത പരിശോധനയ്ക്കും NABL (National Accreditation Board for Testing Lab) ലാബുകളിലെ പരിശോധനയ്ക്കും ശേഷം അളവും ഗുണമേന്മയും ഉറപ്പാക്കിയാണ് പൊതുവിതരണത്തിനായി ഭക്ഷ്യ ധാന്യങ്ങൾ FCI വിട്ടു നൽകുന്നത്. ഭക്ഷ്യ ധാന്യങ്ങളിൽ ഉപയോഗിക്കുന്ന കീടനാശിനികളും അവയുടെ അളവും അനുബന്ധമായി ചേർത്തിരിക്കുന്നു.

II. എഫ്.എസ്.എസ്.എ.ഐ മാനദണ്ഡങ്ങൾ അനുസരിച്ചാണ് എഫ്.സി.ഐ. ഭക്ഷ്യധാന്യങ്ങളിൽ കീടനാശിനി ഉപയോഗിക്കുന്നതെന്നും NABL ലബോറട്ടറികളിൽ കീടനാശിനിയുടെ അവശിഷ്ടമുണ്ടോ എന്നും ഭക്ഷ്യധാന്യങ്ങളുടെ സാമ്പിളുകളുടെ പരിശോധനയ്ക്കും ഗുണനിലവാരവും അളവും സംബന്ധിച്ച് എഫ്.സി.ഐ. ലേയും സിവിൽ സപ്ലൈസിലേയും ഉദ്യോഗസ്ഥരുടെ കൂട്ടായ പരിശോധനയ്ക്കും ശേഷമാണ് പൊതുവിതരണ സമ്പ്രദായത്തിൽ ഭക്ഷ്യധാന്യ വിതരണം നടത്തുന്നത്.

എഫ്.സി.ഐ. യിൽ ഉപയോഗിക്കുന്ന കീടനാശിനികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉപയോഗിക്കുന്ന Chemical/Fumigants ന്റെ പേര് | ഉപയോഗിക്കുന്ന അളവ് |
|---|---|---|
| 1 | Aluminium Phosphide (Kgs) | 9 gms/MT of Foodgrain |
| 2 | Deltamethrin(in Kg), 2.5% WP | 3 Litre for 100 Sqm of Stack Area (40 gm/litre dilution) |
| 3 | Malathion(in Lts): 50% EC | 5 Litre for 100 Sqm of Stack Area (1:100 dilution) |

## ശിപാർശ 16 (ഖണ്ഡിക 38)

സംസ്ഥാനത്ത് വിതരണം ചെയ്യുന്ന മണ്ണെണ്ണയുടെ 30% മാത്രമാണ് മത്സ്യ ബന്ധനത്തിനായി നൽകുന്നത്. പൊതു വിപണിയിൽ മണ്ണെണ്ണ വില കുതിച്ചുയരുന്നത് മത്സ്യ ബന്ധന മേഖലയിൽ പ്രതിസന്ധിയ്ക്ക് കാരണമാകുന്നതിനാൽ മത്സ്യബന്ധന മേഖലയ്ക്ക് ആവശ്യമായ മണ്ണെണ്ണ പ്രത്യേകമായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

## മത്സ്യബന്ധന തുറമുഖ വകുപ്പ് സ്വീകരിച്ച നടപടി

സംസ്ഥാനത്ത് മത്സ്യതൊഴിലാളികൾക്ക് പൊതുവിതരണ സമ്പ്രദായത്തിലൂടെ നൽകിവരുന്ന മണ്ണെണ്ണയുടെ അളവ് കുറവായതിനാൽ മത്സ്യഫെഡ് വഴി സംസ്ഥാനത്ത് 9 തീരദേശ ജില്ലകളിലായി 13 മണ്ണെണ്ണ ബങ്കുകൾ തുടങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിൻപ്രകാരം 10 മണ്ണെണ്ണ ബങ്കുകളുടെ പ്രവർത്തനം ആരംഭിക്കുകയും 2 എണ്ണത്തിന്റെ പണി തീർത്ത് പ്രവർത്തന സജ്ജമാക്കുകയും ഒരെണ്ണത്തിന്റെ പ്രാരംഭഘട്ട പണി തുടങ്ങിയിട്ടുമുണ്ട്. മത്സ്യഫെഡ് വഴി, നിലവിൽ മണ്ണെണ്ണ പെർമിറ്റുള്ളവർക്ക് ലിറ്ററിന് 25 രൂപ എന്ന നിരക്കിലാണ് സബ്സിഡി നൽകുന്നത്. സബ്സിഡി തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുകയാണ് ചെയ്തു വരുന്നത്.

## ശിപാർശ 17 (ഖണ്ഡിക 39)

ശാസ്ത്രീയമായ പർച്ചേസ് മാനേജ്മെന്റ് സംവിധാനമാണ് സപ്ലൈകോ

അനുവർത്തിച്ച് വരുന്നത്. ഓൺലൈനിലൂടെ ടെണ്ടർ വിളിക്കുകയും ആവശ്യകത അറിയിക്കുകയും പണമിടപാടുകൾ നടത്തുകയും ചെയ്യുന്നതിനാൽ ഏറ്റവും കുറഞ്ഞ വിലയ്ക്ക് ഗുണമേന്മയുള്ള സാധനങ്ങൾ വാങ്ങാൻ കഴിയുന്നു. ഇത് വഴി ഉപഭോക്താവിനും കോർപ്പറേഷനും ഒരേ സമയം പരമാവധി ലാഭമുണ്ടാക്കാനും സാധിക്കുന്നു. എങ്കിലും ട്രാൻസ്പോർട്ടിംഗ് കോൺട്രാക്ടർമാർ നടത്തിയ ക്രമക്കേട് വഴി സപ്ലൈകോയ്ക്ക് നഷ്ടമുണ്ടാക്കിയ കേസ്സുകളും ഇ-ടെണ്ടറിലെ അപാകതകൾക്കെതിരെയുള്ള പരാതികളും നിലനിൽക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വിതരണത്തിനായി സപ്ലൈകോ സ്വീകരിക്കുന്ന ഉൽപ്പന്നങ്ങളുടെ അളവും ഗുണമേന്മയും ഉൽപ്പന്നങ്ങൾ സ്വീകരിക്കുന്ന സമയത്തും വിതരണത്തിനെടുക്കുന്ന സമയത്തും ഉറപ്പുവരുത്തണമെന്നും ഇ-ടെണ്ടർ നടപടികൾ സുതാര്യമാക്കണമെന്നും ക്രമക്കേടിൽ ഉൾപ്പെട്ട സ്ഥാപനങ്ങളെ ടെണ്ടറിൽ നിന്നും ഒഴിവാക്കണമെന്നും ക്രമക്കേടുകളിൽ പങ്കാളികളായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## <u>സർക്കാർ സ്വീകരിച്ച നടപടി</u>

വിതരണത്തിനായി സപ്ലൈകോ സ്വീകരിക്കുന്ന ഉല്പന്നങ്ങളുടെ അളവും ഗുണമേന്മയും ഉല്പന്നങ്ങൾ സ്വീകരിക്കുന്ന സമയത്തും വിതരണത്തിനെടുക്കുന്ന സമയത്തും ക്വാളിറ്റി കൺട്രോളർ ഉറപ്പു വരുത്തുന്നു. ഇ-ടെണ്ടർ നടപടികൾ സുതാര്യമാക്കണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇ-ടെണ്ടർ തുറക്കുന്നത് പങ്കെടുക്കുന്ന സപ്ലയർമാരുടെ സാന്നിദ്ധ്യത്തിലാണ്. ഇ-ടെണ്ടർ തുറന്നതിനുശേഷം പങ്കെടുത്ത എല്ലാ സപ്ലയർമാർക്കും ക്വോട്ട് ചെയ്ത സാധനങ്ങളുടെ വില പരസ്പരം കാണാവുന്നതും അവരവരുടെ കമ്പ്യൂട്ടറിൽ ആയത് നിരീക്ഷിക്കാവുന്ന വിധത്തിൽ ആക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സപ്ലൈ ചെയ്തു കഴിഞ്ഞ് ജി.ആർ.എസ്. കൊടുക്കുന്ന അവസരത്തിൽ തന്നെ സപ്ലയർമാർക്ക് ടി കാര്യം ഇ-മെയിൽ മുഖാന്തിരം ഓട്ടോമാറ്റിക്കായി നിർദ്ദേശം നൽകുന്നു. ഇ-ടെണ്ടർ നടപടികൾ മനുഷ്യരുടെ ഇടപെടലുകൾ ഇല്ലാതെ പൂർണ്ണമായും കമ്പ്യൂട്ടർവൽകൃതമായാണ് പൂർത്തീകരിക്കുന്നത്.

ടെണ്ടർ നടപടിക്രമങ്ങളിലോ വിതരണം ചെയ്യുന്ന കാര്യത്തിലോ, സപ്ലയർമാരോ അവരുടെ സ്ഥാപനങ്ങളോ ഏതെങ്കിലും വിധത്തിലുള്ള ക്രമക്കേടുകൾ

കാണിക്കുകയാണെങ്കിൽ അവരെ കരിമ്പട്ടികയിൽപ്പെടുത്തുകയും തക്കതായ പിഴ ഈടാക്കുകയും ചെയ്യും. ക്രമക്കേടുകളിൽ ഉദ്യോഗസ്ഥർ പങ്കാളികൾ ആണെന്ന് ബോധ്യപ്പെട്ടാൽ അവർക്കെതിരെ നിയമ പ്രകാരമുള്ള കർശനമായ നടപടികൾ സ്വീകരിക്കാറുണ്ട്.

## ശിപാർശ 18 (ഖണ്ഡിക 20)

ഭക്ഷ്യപൊതുവിതരണ വകുപ്പിൻ കീഴിലെ വിജിലൻസ് വിഭാഗത്തിൽ ഒരു മൊബൈൽ പട്രോൾ യൂണിറ്റും വിജിലൻസ് സ്ക്വാഡുകളും പ്രവർത്തിക്കുന്നു. ഇവ സംസ്ഥാനത്ത് മൊത്ത/ചില്ലറ/റേഷൻ കടകളും മണ്ണെണ്ണ ഡിപ്പോകളും പരിശോധിക്കുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ ജില്ലാ സപ്ലൈ ഓഫീസർമാരും, താലൂക്ക് സപ്ലൈ ഓഫീസർമാരും, റേഷനിംഗ് ഇൻസ്പെക്ടർമാരും, ഡെപ്യൂട്ടി കൺട്രോളർമാരും അവരുടെ അധികാര പരിധിയിൽ സമയബന്ധിതമായി പരിശോധനകൾ നടത്തുകയും പ്രസ്തുത പരിശോധന ജില്ലാ സപ്ലൈ ഓഫീസർമാർ, ഡയറക്ടർ/ കമ്മീഷണർ എന്നിവർ അവലോകനം ചെയ്യുകയും ചെയ്യുന്നു. റേഷൻകടകളിൽ വിതരണം ചെയ്യാനുള്ള അരിയും മറ്റു ഭക്ഷ്യധാന്യങ്ങളും കരിഞ്ചന്തയിൽ മറിച്ചു വിൽക്കുന്നതായ പരാതികൾ സമിതിയുടെ ശ്രദ്ധയിൽപ്പെട്ടതിനാൽ റേഷൻ കടകളിലെ പ്രവർത്തനം അഴിമതി രഹിതമാക്കുന്നതിനായി റേഷൻ വിതരണവുമായി ബന്ധപ്പെട്ട പരാതികൾ സ്വീകരിക്കാൻ പഞ്ചായത്ത് തലത്തിൽ ഒരു സ്ഥിരം സംവിധാനം നടപ്പിലാക്കണമെന്നും വകുപ്പിന്റെ വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തണമെന്നും റേഷൻ കടകൾ റാൻഡമായി പരിശോധനയ്ക്ക് വിധേയമാക്കണമെന്നും കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടികൾ

## ഭക്ഷ്യപൊതുവിതരണ (ബി) വകുപ്പിന്റെ 07.01.2015-ലെ മറുപടി

സംസ്ഥാനമൊട്ടാകെ 14 ജില്ലകളിലായി 7 വിജിലൻസ് സ്ക്വാഡ് പ്രവർത്തിക്കുന്നുണ്ട്. പൊതുവിതരണ സമ്പ്രദായം സുതാര്യവും കുറ്റമറ്റതായും പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി ജില്ല/പഞ്ചായത്ത്/മുനിസിപ്പൽ തലങ്ങളിൽ ഉപദേശക വിജിലൻസ് സമിതികൾ പ്രവർത്തിച്ചുവരുന്നു.

## ഭക്ഷ്യപൊതുവിതരണ (ബി) വകുപ്പിന്റെ 19.07.2016-ലെ മറുപടി

റേഷൻ സാധനങ്ങളുടെ കരിഞ്ചന്തയിൽ വിൽപന, തിരിമറി എന്നിവ തടയാൻ വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിലും ജില്ലാ-താലൂക്ക് സപ്ലൈ ഓഫിസർമാരുടെ നേതൃത്വത്തിലും ശക്തമായ പരിശോധനകളും റെയ്ഡും നടത്തുന്നുണ്ട്. സിവിൽ സപ്ലൈസ് വകുപ്പ്, പോലീസ്, ലീഗൽ മെട്രോളജി വകുപ്പ് എന്നിവയുമായി ചേർന്ന് സ്ക്വാഡ് രൂപീകരിച്ച് സംയുക്തമായും പരിശോധനകൾ നടത്തുന്നുണ്ട്. അനധികൃതമായി കടത്തികൊണ്ട് പോകുന്ന ധാന്യങ്ങൾ, മണ്ണെണ്ണ തുടങ്ങിയവ പിടിച്ചെടുത്ത് പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്യുകയും ആയതിന്റെ വിറ്റുവരവ് റവന്യൂ ഡെപ്പോസിറ്റിൽ സൂക്ഷിക്കുകയും ചെയ്യുന്നുണ്ട്. കുറ്റക്കാർക്കെതിരെ കർശന നടപടികൾ എടുക്കുകയും ചെയ്യുന്നുണ്ട്. എഫ്.എം.പി.ഡി.എസ്. എന്ന എസ്.എം.എസ്. അലർട്ട് മുഖേന ഭക്ഷ്യധാന്യങ്ങളുടെ ഉപഭോക്താക്കളിലേയ്ക്കുള്ള നീക്കം നിരീക്ഷിക്കാനും കരിഞ്ചന്ത വിൽപ്പന തടയാനും സാധിക്കുന്നുണ്ട് കൂടാതെ ഉത്സവകാലയളവിൽ വിവിധ മേഖല/ ജില്ല സ്ക്വാഡുകൾ രൂപീകരിച്ച് വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ പരിശോധനകൾ നടത്തുന്നുണ്ട്. പൊതുവിതരണ സമ്പ്രദായം കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കുന്നത് ഉറപ്പുവരുത്താൻ ഭക്ഷ്യ ഉപദേശക വിജിലൻസ് സമിതികളും പ്രവർത്തിക്കുന്നുണ്ട്. സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കുന്നതോടെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് തുടങ്ങിയവ പൂർണ്ണമായും തടയാൻ കഴിയും.

## സമിതി ആവശ്യപ്പെട്ട അധികവിവരം

റേഷൻ വിതരണവുമായി ബന്ധപ്പെട്ട പരാതികൾ സ്വീകരിക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ സ്ഥിരം സംവിധാനം നടപ്പിലാക്കിയത് സംബന്ധിച്ചും പൊതുവിതരണ സമ്പ്രദായം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി രൂപീകരിച്ച ഭക്ഷ്യോപദേശക വിജിലൻസ് സമിതികളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ചും കൂടുതൽ വിശദാംശങ്ങൾ ലഭ്യമാക്കുക.

## സർക്കാർ സ്വീകരിച്ച നടപടി

പഞ്ചായത്ത് വിജിലൻസ് സമിതികൾ എല്ലാ പഞ്ചായത്തുകളിലും രൂപീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് തല വിജിലൻസ് സമിതികൾ എല്ലാ മാസവും യോഗം

ചേരേണ്ടതാണ് എന്നും നിർദ്ദേശിച്ചിട്ടുണ്ട്.

**പഞ്ചായത്ത് തല വിജിലൻസ് സമിതി**

1. പഞ്ചായത്ത് പ്രസിഡന്റ്
2. വാർഡ് മെമ്പർമാർ
3. രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധി
4. റേഷനിംഗ് ഇൻസ്പെക്ടർ
5. ലീഗൽ മെട്രോളജി/ റവന്യൂ/ഹെൽത്ത്/പഞ്ചായത്ത്/പോലീസ് എന്നീ വകുപ്പുകളുടെ ഓരോ പ്രതിനിധികൾ

എന്നാൽ ദേശീയഭക്ഷ്യ ഭദ്രതാ നിയമം, 2013 അനുസരിച്ച് വിജിലൻസ് സമിതികൾ സംസ്ഥാന, ജില്ലാ, ബ്ലോക്ക്, റേഷൻകട തലത്തിൽ രൂപീകരിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കേരള ഫുഡ് സെക്യൂരിറ്റി റൂൾസ് നിലവിൽ വരുന്ന മുറയ്ക്ക് നിലവിലുള്ള എല്ലാ ഭക്ഷ്യോപദേശക വിജിലൻസ് സമിതികളും ടി നിയമത്തിന്റെ അടിസ്ഥാനത്തിൽ പുന:സംഘടിപ്പിക്കുന്നതാണ്.

**ശിപാർശ 19 (ഖണ്ഡിക 21)**

അട്ടപ്പാടിയിലെയും തീരദേശ മേഖലകളിലെയും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് എ.പി.എൽ. കാർഡ് നൽകി അർഹതപ്പെട്ട ആനുകൂല്യങ്ങൾ നിഷേധിക്കുന്നത് സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. പ്രസ്തുത പിശകുകൾ പരിഹരിച്ച് എ.പി.എൽ. കാർഡുള്ള ബി.പി.എൽ. കുടുംബങ്ങളെ സമയബന്ധിതമായി ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്തി അർഹമായ ആനുകൂല്യങ്ങൾ നൽകണമെന്നും അട്ടപ്പാടിയിലെയും തീരദേശ മേഖലകളിലെയും റേഷൻ കടകളിൽ ഉന്നത ഉദ്യോഗസ്ഥരുടെ പരിശോധന സ്പെഷ്യൽ ഡ്രൈവായി നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടികൾ**

**ഭക്ഷ്യപൊതുവിതരണ (ബി)വകുപ്പിന്റെ 07.01.2015-ലെ മറുപടി**

ആദിവാസികൾ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ, പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗങ്ങൾ എന്നീ വിഭാഗങ്ങൾ സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച്

ബി.പി.എൽ.കാർഡുകൾ അനുവദിക്കുന്നതിനുള്ള അനുമതി **304/2012/ത.സ്വ.ഭ.വ.** ഉത്തരവ് പ്രകാരവും **38/2011/ഭ.സി.സ.വ.** ഉത്തരവ്പ്രകാരവും ജില്ലാകളക്ടർമാർക്ക് നൽകിയിട്ടുണ്ട് അതനുസരിച്ച് അർഹരായ- വർക്ക്ബി.പി.എൽ കാർഡുകൾ നൽകി വരുന്നു.

## ഭക്ഷ്യപൊതുവിതരണ (ബി) വകുപ്പിന്റെ 19.07.2016-ലെ മറുപടി

അർഹരായ എല്ലാ കുടുംബങ്ങളെയും മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സിവിൽ സപ്ലൈസ് വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം 2013 നടപ്പിലാക്കുന്നതിന് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി, **GO (MS) No.21/14 F&CSD (7/7/2014), GO(Rt) No.16/11/LSGD (14/1/2011), GO (Rt) No.112/12/LSGD (27/4/2012)** എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം, പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ആയത് ഉടൻതന്നെ പ്രസിദ്ധീകരിക്കുന്നതാണ്. ടി പട്ടികയിന്മേലുള്ള പരാതികളും ആക്ഷേപങ്ങളും പരിഹരിക്കുന്നതിനായി പഞ്ചായത്ത് സെക്രട്ടറി അദ്ധ്യക്ഷനായുള്ള വെരിഫിക്കേഷൻ കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്.

## ശിപാർശ 20 (ഖണ്ഡിക 45)

സി.എഫ്.ആർ.ഡി.യുടെ സേവനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഭക്ഷ്യ പാർക്ക്, മിനി ഫുഡ് ഇൻക്യുബേഷൻ സെന്റർ, ഔഷധ ഗുണപരിശോധനാ ലാബ്, വെജിറ്റബിൾ/ ഫ്രൂട്ട്സ് ഡീഹൈഡ്രേറ്റിംഗ് യൂണിറ്റ് എന്നിവ ആരംഭിക്കാനുള്ള നടപടികൾ സി.എഫ്.ആർ.ഡി. സ്വീകരിച്ചു വരുന്നതായി സമിതി മനസ്സിലാക്കുന്നു. സംസ്ഥാനത്ത് ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും പൊതുജനാരോഗ്യ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ വരുത്തുവാനും കഴിയുന്ന പ്രസ്തുത യൂണിറ്റുകളുടെ നിർമ്മാണ പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടികൾ

## ഭക്ഷ്യപൊതുവിതരണ (സി) വകുപ്പിന്റെ 19.08.2016-ലെ മറുപടി

സി.എഫ്.ആർ.ഡി.യുടെ കീഴിൽ കേന്ദ്ര സർക്കാറിന്റെ സഹകരണത്തോടെ ഭക്ഷ്യ പാർക്ക് ആരംഭിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചുവെങ്കിലും ഭക്ഷ്യ പാർക്ക് ആരംഭിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ നിബന്ധനപ്രകാരമുള്ള സ്ഥലം ലഭ്യമാക്കാൻ സാധിക്കാതിരുന്നതിനാൽ ആയത് നടപ്പിലാക്കാൻ സാധിച്ചില്ല.

സി.എഫ്.ആർ.ഡി.യുടെ FPTC യുടെ കീഴിൽ ഒരു മിനി ഫുഡ് ഇൻക്യുബേഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.

ഔഷധ ഗുണപരിശോധനാ ലാബിന്റെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പദ്ധതികൾ ഘട്ടം ഘട്ടമായി പൂർത്തിയാക്കി വരുന്നു.

വെജിറ്റബിൾസ് ഫ്രൂട്ട്സ് ഡീഹൈഡ്രേഷൻ യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നു.

**ഭക്ഷ്യപൊതുവിതരണ (സി) വകുപ്പിന്റെ 24.06.2017-ലെ മറുപടി**

**GO (Rt) N0. 20/2017/F&CSD** തീയതി 21.01.2017 പ്രകാരം സ്കൂൾ ഓഫ് ഫുഡ് ബിസിനസ്സ് മാനേജ്മെന്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

**ശിപാർശ 21 (ഖണ്ഡിക 48)**

എഫ്.എം.സി.ജി. ഉത്പ്പന്നങ്ങളുടെ വിപണനത്തിലൂടെ ഏകദേശം 100 കോടി രൂപയോളം ലാഭമുണ്ടാകുന്നുവെങ്കിലും വിപണി ഇടപെടൽ മൂലം പ്രസ്തുത ലാഭം ക്രോസ് സബ്സിഡൈസ് ചെയ്യപ്പെടുന്നു. വിപണി ഇടപെടലിനായി പുറത്ത്നിന്ന് ലോൺ എടുക്കുന്ന സാഹചര്യമാണ് സിവിൽ സപ്ലൈസ് കോർപ്പറേഷനുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. ഈ അവസ്ഥ പരിഹരിക്കുന്നതിനായി മാർക്കറ്റ് ഇടപെടൽ ഇനത്തിൽ ബഡ്ജറ്റിൽ അധിക തുക വകയിരുത്തണമെന്നും, മാർക്കറ്റ് ഇടപെടലുമായി ബന്ധപ്പെട്ട സബ്സിഡിയിനത്തിൽ സർക്കാരിൽ നിന്നും കോർപ്പറേഷന് ലഭിക്കാനുള്ള തുക എത്രയും വേഗം നൽകാനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

കൂടുതൽ കാര്യക്ഷമമായ മാർക്കറ്റ് ഇടപെടൽ നടത്തുന്നതിനായി സപ്ലൈകോയ്ക്ക് ബജറ്റ് വിഹിതത്തിനു പുറമേ കൂടുതൽ തുക അനുവദിച്ച് നൽകാറുണ്ട്. 2010-11 സാമ്പത്തിക വർഷം 76.31/- കോടി രൂപയും. 2011-12 സാമ്പത്തിക വർഷം 118.35/- കോടി രൂപയും, 2012-13 സാമ്പത്തിക വർഷം 135/- കോടി രൂപയും, 2013-14 സാമ്പത്തിക വർഷം 116.02/- കോടി രൂപയും, 2014-15 സാമ്പത്തിക വർഷം 70/- കോടി രൂപയും, 2015-16 സാമ്പത്തിക വർഷം 99/- കോടി രൂപയും വിപണിയിടപെടലിനായി സപ്ലൈകോയ്ക്ക് അനുവദിച്ചിട്ടുണ്ട്.

## ശിപാർശ 22 (ഖണ്ഡിക 60)

സംസ്ഥാനത്തെ ഹോട്ടലുകളിൽ ഒരേയിനം ഭക്ഷണം വ്യത്യസ്ത വിലകളിലാണ് വിൽക്കുന്നത്. ഇത് സാധാരണ ജനങ്ങളുടെ ജീവിതച്ചെലവ് ഉയരുന്നതിന് കാരണമാകുന്നു. ആയതിനാൽ ഹോട്ടലുകളുടെ പദവി അനുസരിച്ച് ഭക്ഷണ വില ഏകീകരിക്കണമെന്നും ഹോട്ടലുകളിൽ വില്പന വില പ്രദർശിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാനത്തെ ഹോട്ടലുകളിലെ ഭക്ഷണസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനുള്ള നിയമനിർമ്മാണം വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് പരിശോധനയിലാണ്. ഹോട്ടലുകളിൽ വില്ക്കപ്പെടുന്ന ഭക്ഷണസാധനങ്ങളുടെ വില പ്രദർശിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. വില പ്രദർശിപ്പിക്കാത്ത ഹോട്ടലുകൾക്കെതിരെ 1977-ലെ കേരള ഫുഡ് സ്റ്റഫ്സ് (Display of Prices by Catering Establishment) ഓർഡർ പ്രകാരം നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

## ശിപാർശ 23 (ഖണ്ഡിക 61)

സംസ്ഥാനമൊട്ടാകെ കൂണുകൾപോലെ ഹോട്ടലുകൾ ഉയർന്ന് വരുന്നതോടൊപ്പം ഹോട്ടലുകളിലെ ഭക്ഷണ നിലവാരം സംബന്ധിച്ച പരാതികളും വ്യാപകമാകുന്നു. ആയതിനാൽ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ അംഗീകാരമുള്ള ഹോട്ടലുകൾക്ക് മാത്രം പ്രവർത്തനാനുമതി നൽകുക, എല്ലാ ഹോട്ടലുകളിലും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ ഇടവിട്ടുള്ള പരിശോധന നിർബന്ധമാക്കുക, ഭക്ഷണത്തിലെ മായവുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനായി നിയമസഭാ മണ്ഡലങ്ങൾതോറും ഭക്ഷ്യസുരക്ഷാ ഓഫീസുകൾ ആരംഭിക്കുക.

### ആരോഗ്യകുടുംബക്ഷേമ വകുപ്പ് സ്വീകരിച്ച നടപടി

2006-ലെ ഭക്ഷ്യസുരക്ഷാ നിയമപ്രകാരം ഭക്ഷ്യസുരക്ഷാ ലൈസൻസോ രജിസ്ട്രേഷനോ ഉള്ളവർ മാത്രമേ ഹോട്ടലുകൾ നടത്തുവാൻ പാടുള്ളൂ. എന്നാൽ ടി ലൈസൻസോ/ രജിസ്ട്രേഷനോ കരസ്ഥമാക്കുന്നതിനുള്ള കാലപരിധി FSSAI ഓരോ തവണയായി നീട്ടി നൽകിയിട്ടുണ്ട്. നിലവിൽ പ്രസ്തുത കാലപരിധി ഫെബ്രുവരി 2016 വരെ നീട്ടി നൽകിയിട്ടുണ്ട്. അതിനാൽ FSSAI ലൈസൻസോ/ രജിസ്ട്രേഷനോ ഇല്ലായെന്ന കാരണത്താൽ നിയമനടപടി

സ്വീകരിക്കാൻ കഴിയുന്നതല്ല. ഭക്ഷ്യസുരക്ഷാവകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഭക്ഷ്യസുരക്ഷാ ഓഫീസുകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിലേക്കായി ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇത്തരം പുതിയതായി സൃഷ്ടിച്ചതുൾപ്പെടെ 86 FSO തസ്തികകൾ PSC മുഖാന്തിരം നിയമനം നടത്തുവാൻ നടപടികൾ പുരോഗമിക്കുകയാണ്. നിയോജക മണ്ഡലാടിസ്ഥാനത്തിൽ തുടങ്ങുന്ന ഫുഡ് സേഫ്റ്റി ഓഫീസുകളിലേയ്ക്ക് ആവശ്യം വേണ്ട ക്ലാർക്ക്, ഓഫീസ് അറ്റൻഡന്റ് തസ്തികകൾ സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശം സർക്കാർ പരിഗണിച്ചുവരികയാണ്. ടി തസ്തികകൾ സൃഷ്ടിക്കുന്നതോടൊപ്പം പുതിയ FSO മാർ ചുമതലയേൽക്കുന്നതോടെ 140 നിയോജകമണ്ഡലങ്ങളിലും ഭക്ഷ്യസുരക്ഷാ ഓഫീസുകൾ കാര്യക്ഷമമായ പ്രവർത്തനം നടത്തുന്നതാണ്.

## ശിപാർശ 24 (ഖണ്ഡിക 62)

ഇടയ്ക്കിടെയുണ്ടാകുന്ന പാചക വാതക ക്ഷാമം ജനജീവിതം ദുസ്സഹമാക്കുന്നു. പാചക വാതക പ്ലാന്റുകളിലെ തൊഴിലാളി സമരങ്ങളും കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ നയങ്ങളിലെ അവ്യക്തതയും ഇതിനു കാരണമാകുന്നു. ആയതിനാൽ പാചക വാതക മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനായി ജില്ലാതലങ്ങളിൽ ക്യാമ്പ് സിറ്റിംഗ് നടത്തണമെന്നും പാചക വാതക വിതരണം അവശ്യ സർവ്വീസായി പരിഗണിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

പാചക വാതക മേഖലയിലെ പരാതികൾ പരിഹരിക്കുന്നതിലേയ്ക്കായി ഗ്യാസ് ഏജൻസി തലത്തിൽ മൂന്നുമാസം കൂടുമ്പോൾ സോഷ്യൽ മോണിറ്ററിംഗ് സമിതികൾ യോഗം ചേർന്ന് ഉപഭോക്താക്കളുടെ പരാതികൾ പരിഹരിക്കുന്നു. കൂടാതെ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ രണ്ടു മാസത്തിലൊരിക്കൽ ഓപ്പൺ ഫോറങ്ങൾ പ്രവർത്തിക്കുന്നു. ഈ സമിതികളിൽ പാചകവാതകവുമായി ബന്ധപ്പെട്ടുള്ള ഉപഭോക്താക്കളുടെ പരാതികൾ പരിഹരിച്ചുവരുന്നു.

പാചക വാതകത്തിന്റെ ട്രാൻസ്പോർട്ടേഷൻ, വിതരണം എന്നീ മേഖലകളിൽ ഉണ്ടാകുന്ന സമരങ്ങൾ മൂലം പൊതുജനത്തിനുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിലേയ്ക്കായി പാചക വാതകത്തിന്റെ നീക്കവും വിതരണവും 13.09.2013

ലെ സർക്കാർ ഉത്തരവ് (അച്ചടി)നം. 233/2013/ആഭ്യന്തരം പ്രകാരം അവശ്യ സർവ്വീസായി പ്രഖ്യാപിച്ചിട്ടുണ്ട്.

## ശിപാർശ 25 (ഖണ്ഡിക 55)

ഭക്ഷ്യ സുരക്ഷാ നിയമമനുസരിച്ച് കേരളത്തിലെ 3.33 കോടി ജനസംഖ്യയിൽ 1.54 കോടി ആൾക്കാർ ഭക്ഷ്യസുരക്ഷാ നിയമ പരിധിയിൽ ഉൾപ്പെടും. എന്നാൽ ശേഷിക്കുന്ന 1.79 കോടി ജനങ്ങൾക്കുള്ള ഭക്ഷ്യധാന്യം സംസ്ഥാനം കണ്ടെത്തണം. ഇപ്പോൾ കേന്ദ്രത്തിൽ നിന്ന് കേരളത്തിലേക്ക് വർഷത്തിൽ 15.69 ടൺ ലക്ഷം അരിയും ഗോതമ്പും ലഭിക്കുന്നു. ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതോടെ ഇത് 10.13 ലക്ഷം ടണ്ണായി കുറയും. വ്യത്യാസം വരുന്ന 5.55 ലക്ഷം ടൺ അതായത് 2.46 ലക്ഷം ടൺ അരിയും 3.09 ലക്ഷം ടൺ ഗോതമ്പും സംസ്ഥാനം കണ്ടെത്തേണ്ടിവരും. കേന്ദ്ര നിലപാടനുസരിച്ച് അരിക്ക് കിലോഗ്രാമിന് 17 രൂപയും ഗോതമ്പിന് 13.50 രൂപയും താങ്ങുവിലയ്ക്ക് സംസ്ഥാനത്തിന് ലഭിക്കുമ്പോൾ 836.50 കോടി രൂപയുടെ അധികച്ചെലവ് സംസ്ഥാനത്തിനുണ്ടാകുന്നു. ഈ ധാന്യങ്ങൾ നിലവിലെ സബ്സിഡി നിരക്കിൽ നൽകാൻ 391.13 കോടി രൂപ അധികം വേണ്ടി വരുമെന്ന് കണക്കാക്കുന്നു. അതിനാൽ താങ്ങുവില അടിസ്ഥാനമാക്കിയാണ് കേന്ദ്രം ഭക്ഷ്യധാന്യം അനുവദിക്കുന്നതെങ്കിൽ വർഷം 1200 കോടി രൂപയുടെ അധികബാധ്യത സംസ്ഥാനത്തിന് ഉണ്ടാകും. കൂടാതെ താങ്ങുവില വർഷം തോറും 12% വീതം വർദ്ധിക്കുമെന്നതിനാൽ സംസ്ഥാനത്തിന്റെ ബാധ്യത വർഷം തോറും ഉയരും. സംസ്ഥാനത്തിന്റെ പ്രസ്തുത അധിക ബാധ്യത കുറയ്ക്കുന്നതിനായി കേന്ദ്രത്തിൽ നിന്നും എ.പി.എൽ നിരക്കിൽ അരിയും ഗോതമ്പും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടികൾ

## ഭക്ഷ്യപൊതുവിതരണ വകുപ്പിലെ (ബി) വകുപ്പിന്റെ 07.01.2015-ലെ മറുപടി

ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാകുമ്പോൾ സംസ്ഥാനത്തിന് ലഭ്യമാകുന്ന ഭക്ഷ്യധാന്യം 14.25 ലക്ഷം മെട്രിക് ടണ്ണാണ്. വ്യത്യാസമായി വരുന്നത് 1.44 മെട്രിക് ടണ്ണാണ്. സംസ്ഥാനത്തിന്റെ ബാദ്ധ്യത കുറയ്ക്കുന്നതിനായും ഭക്ഷ്യസുരക്ഷാ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടാത്തവർക്ക് അലോട്ട്മെന്റ് വർദ്ധിപ്പിക്കുന്നതിനായി സർക്കാർ തലത്തിലും വകുപ്പുതലത്തിലും കേന്ദ്രസർക്കാരുമായി നിരവധി ചർച്ചകളും

കത്തിടപാടുകളും ഇപ്പോൾ തന്നെ നടത്തിയിട്ടുണ്ട്. അലോട്ട്മെന്റ് വർദ്ധിപ്പിക്കുന്നതിനായി കേന്ദ്രസർക്കാരിന് അപേക്ഷ നൽകിയിട്ടുണ്ട്.

**ഭക്ഷ്യപൊതുവിതരണ വകുപ്പിലെ (ഡി) വകുപ്പിന്റെ 20.02.2015 ലെ മറുപടി**

കഴിഞ്ഞ മൂന്നു വർഷമായി കേരളത്തിന് ലഭിച്ചുവരുന്ന വിഹിതത്തിന്റെ ശരാശരിയായ 14.25 മെട്രിക് ടൺ ഭക്ഷ്യധാന്യം സംസ്ഥാനത്തിന് ലഭ്യമാക്കാമെന്ന് കേന്ദ്ര സർക്കാർ ഉറപ്പുനല്കിയിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ നിയമ പ്രകാരം കേരളത്തിലെ 3.33 കോടി ജനങ്ങളിൽ മുൻഗണനാ വിഭാഗത്തിൽപ്പെട്ട 1.54 കോടി ജനങ്ങൾക്ക് പ്രതിവർഷം 10.13 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങൾ നല്കേണ്ടതായി വരും. പൊതുവിഭാഗത്തിലെ 4.12 മെട്രിക് ടൺ ഭക്ഷ്യധാന്യം, കുടുംബത്തിന് തുല്യമായി വീതിച്ചാൽ ഏകദേശം 8 കിലോ ഭക്ഷ്യധാന്യം വിതരണം നടത്തുവാൻ കഴിയും. എന്നിരുന്നാലും ഇപ്പോൾ ലഭ്യമായിക്കൊണ്ടിരിക്കുന്ന വിഹിതം അതേപടി തന്നെ ലഭ്യമാക്കണമെന്ന് കാണിച്ച് കേന്ദ്രസർക്കാരിനോട് സംസ്ഥാനസർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്.

**ശിപാർശ 26 (ഖണ്ഡിക 56)**

ഭക്ഷ്യസുരക്ഷയ്ക്കാവശ്യമായ വസ്തുക്കൾ സംഭരിക്കുകയും സംസ്ഥാനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുന്നത് കേന്ദ്രസർക്കാരാണെങ്കിലും പ്രസ്തുത ധാന്യങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലെത്തിച്ച് ന്യായവില ഷോപ്പുകൾ വഴി വിതരണം ചെയ്യുന്നതിനുള്ള ഉത്തരവാദിത്തം സംസ്ഥാന സർക്കാരിന്റേതാണ്. സമൂഹത്തിലെ ദുർബല വിഭാഗത്തെ മുഖ്യധാരയിലേക്ക് ഉയർത്തുന്നതിനായി ന്യായവില ഷോപ്പ് അനുവദിക്കുമ്പോൾ കുടുംബശ്രീ പോലുള്ള സ്വയം സഹായ സംഘങ്ങൾക്കും വനിതകൾക്കും വികലാംഗർക്കും മുൻഗണന നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടികൾ**

**ഭക്ഷ്യപൊതുവിതരണ(ബി)വകുപ്പിന്റെ**

**07.01.2015 ലെ മറുപടി**

04.02.2010 തീയതിയിലെ 4/2010 നമ്പർ സർക്കുലർ പ്രകാരം സംവരണ വിഭാഗങ്ങൾക്കാണ് നിലവിൽ റേഷൻകട അനുവദിക്കുന്നത്. കേന്ദ്രഭക്ഷ്യസുരക്ഷാ

നിയമം പ്രാബല്യത്തിൽ വരുമ്പോൾ വനിതകൾ, സെൽഫ് ഹെൽപ്പ് ഗ്രൂപ്പകൾ, വികലാംഗർ എന്നിവർക്കാണ് റേഷൻകട അനുവദിക്കുന്നതിന് മുൻഗണന നൽകുന്നത്. ആയതിനുള്ള നിയമനിർമ്മാണം നടന്നു വരുന്നു.

**ഭക്ഷ്യപൊതുവിതരണ(ബി)വകുപ്പിന്റെ**

**19.07.2016-ലെ മറുപടി**

ദേശീയ ഭക്ഷ്യസുരക്ഷാ നിയമം, 2013 വകുപ്പ് 12, ഉപവകുപ്പ് (2) (സി) പ്രകാരം ന്യായവില ഷോപ്പുകൾക്ക് ലൈസൻസ് നൽകുമ്പോൾ സ്വയം സഹായ സംഘങ്ങൾക്കും വനിതകൾക്കും മുൻഗണന നൽകണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത നിയമം നടപ്പാക്കുന്ന മുറയ്ക്ക് ടി വിഭാഗത്തിന് മുൻഗണന നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**ശിപാർശ 27 (ഖണ്ഡിക 57)**

കേന്ദ്ര സർക്കാരിന്റെ കണക്കനുസരിച്ച് കേരളത്തിലെ ഏകദേശം 67% ആൾക്കാരാണ് ഭക്ഷ്യസുരക്ഷാ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെട്ടിട്ടുള്ളത്. മുൻഗണന പട്ടികയിലുൾപ്പെടുന്നവരെ തെരഞ്ഞെടുക്കാനുള്ള മാനദണ്ഡം നിശ്ചയിക്കേണ്ടത് സംസ്ഥാന സർക്കാരാണ്. മുൻഗണനാ മാനദണ്ഡങ്ങൾ നിശ്ചയിക്കുമ്പോൾ ഒരു വിഭാഗം ആൾക്കാർ പുറത്താകുമെന്നതിനാൽ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി അത്യന്തം ശ്രദ്ധ അത്യാവശ്യമാണ്. ആയതിനാൽ ഭക്ഷ്യസുരക്ഷാ നിയമപ്രകാരം മുൻഗണനാ പട്ടികയിലുൾപ്പെടുന്നവരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ രൂപീകരിക്കുമ്പോൾ ജനങ്ങളുടെ ജീവിത നിലവാരം അടിസ്ഥാനമാക്കിയുള്ള ആധുനിക നിർണ്ണയ രീതികൾ അവലംബിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടികൾ**

**ഭക്ഷ്യപൊതുവിതരണ(ബി)വകുപ്പിന്റെ**

**07.01.2015 ലെ മറുപടി**

ഭക്ഷ്യസുരക്ഷാ നിയമപ്രകാരം മുൻഗണനാ വിഭാഗങ്ങളെ കണ്ടെത്തുവാൻ 14.01.2011 ലെ 16/2011/ത.സ്വ.ഭ.വ സർക്കാർ ഉത്തരവിലും 27.04.2012 ലെ 112/12/ത.സ്വ.ഭ.വ സർക്കാർ ഉത്തരവിലും പ്രതിപാദിച്ചിട്ടുള്ള മാനദണ്ഡങ്ങളാണ്

ഉപയോഗിക്കുന്നത്.

**ഉൾപ്പെടുത്തേണ്ടവർ**

1) ആശ്രയ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവർ
2) മാനസികവും ശാരീരികവുമായി വൈകല്യമുള്ളവർ
3) ഓട്ടിസം ബാധിച്ചവർ
4) ഭർത്താവ് മരണമടഞ്ഞ സ്ത്രീകൾ
5) എയ്ഡ്സ്, ക്യാൻസർ രോഗികളും ഡയാലിസിസിന് വിധേയരാകുന്നവരും
6) പരസഹായം ഇല്ലാതെ ജീവിക്കുവാൻ കഴിയാത്തവരും ശരീരം തളർന്ന് ശയ്യാവലംബരും

**ഒഴിവാക്കേണ്ടവർ**

1) സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ
2) ആദായ നികുതി ഒടുക്കുന്നവർ
3) സ്വന്തമായി ഒരേക്കറിന് മുകളിൽ ഭൂമിയുള്ളവർ
4) ആയിരം ചതുരശ്ര അടിക്കുമേൽ വിസ്തീർണ്ണമുള്ള വീടോ, ഫ്ലാറ്റോ ഉള്ളവർ
5) നാല് ചക്രവാഹനം സ്വന്തമായി ഉള്ളവർ

**ഭക്ഷ്യപൊതുവിതരണ(ബി)വകുപ്പിന്റെ**

**19.07.2016 ലെ മറുപടി**

സ.ഉ(കൈ)നം. 16/11/ത.സ്വ.ഭ.വ (14/1/11) പ്രകാരം ജനങ്ങളുടെ ജീവിത നിലവാരം അടിസ്ഥാനമാക്കിയുള്ള ആധുനിക നിർണ്ണയ രീതികൾ ഉപയോഗിച്ചാണ് മുൻഗണനാ പട്ടിക തയ്യാറാക്കിയിരിക്കുന്നത്.

**ശിപാർശ 28 (ഖണ്ഡിക 58)**

ഭക്ഷ്യ സുരക്ഷാ നിയമപ്രകാരം അരി, ഗോതമ്പ്, കുറഞ്ഞ ഇനം ധാന്യം എന്നിവയാണ് ജനങ്ങൾക്ക് ലഭ്യമാകുന്നത്. എന്നാൽ പോഷകാഹാരക്കുറവ് പരിഹരിക്കുവാൻ ഇവ പര്യാപ്തമല്ല. ആയതിനാൽ പഞ്ചസാര, പയറുവർഗ്ഗങ്ങൾ, ഭക്ഷ്യ

എണ്ണ എന്നിവയെക്കൂടി സംസ്ഥാന ഭക്ഷ്യ സുരക്ഷാ നിയമ പരിധിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടികൾ

## ഭക്ഷ്യപൊതുവിതരണ(ബി)വകുപ്പിന്റെ

## 07.01.2015 ലെ മറുപടി

ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും 6 മാസം മുതൽ 14 വയസ്സ് വരെ പ്രായമായ കുട്ടികൾക്കും പോഷകാഹാര കുറവ് പരിഹരിക്കുന്നതിന് അംഗൻവാടികളിലൂടെയും സ്കൂളുകളിലൂടെയും പോഷക സമൃദ്ധമായ ഭക്ഷണം സൗജന്യമായി നൽകുന്നതിന് ഭക്ഷ്യസുരക്ഷാ നിയമം അനുശാസിക്കുന്നു.

## ഭക്ഷ്യപൊതുവിതരണ(ബി)വകുപ്പിന്റെ

## 19.07.2016 ലെ മറുപടി

ദേശീയ ഭക്ഷ്യസുരക്ഷാ നിയമപ്രകാരം പയറുവർഗ്ഗങ്ങൾ വിതരണം ചെയ്യുന്നതിനുള്ള വ്യവസ്ഥകളുണ്ട്. പഞ്ചസാര, ഭക്ഷ്യ എണ്ണ എന്നിവ വിതരണം ചെയ്യുന്നത് സംബന്ധിച്ച് തീരുമാനം എടുക്കേണ്ടതും കേന്ദ്ര ഗവൺമെന്റാണ്.

## സമിതി ആവശ്യപ്പെട്ട അധികവിവരം

ഒരു മനുഷ്യന് ആവശ്യമായ കലോറിയുടെ അടിസ്ഥാനത്തിൽ ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്യുമെന്ന് സർക്കാരിനെ ബോദ്ധ്യപ്പെടുത്തുന്നതിന് വേണ്ടിയും സമിതിയുടെ ശിപാർശകൾ ബന്ധപ്പെട്ട വകുപ്പുകൾ നടപ്പിൽ വരുത്തുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുക.

## സർക്കാർ സ്വീകരിച്ച നടപടി

ഭക്ഷ്യ ഭദ്രത നിയമപ്രകാരം സംസ്ഥാനത്തിന് ലഭ്യമാകുന്ന അരിയും ഗോതമ്പുമാണ് വകുപ്പിലൂടെ ജനങ്ങൾക്ക് ലഭ്യമാകുന്നത്. പൊതുവിതരണ ശൃംഖല വഴിയുള്ള പഞ്ചസാര വിതരണം 2017-18 സാമ്പത്തിക വർഷം മുതൽ എ.എ.വൈ വിഭാഗത്തിന് മാത്രമായി നിജപ്പെടുത്തിക്കൊണ്ട് വിതരണം നടത്തുന്നതിനുള്ള കേന്ദ്രസർക്കാർ

നിർദ്ദേശം ലഭ്യമായിട്ടുണ്ട്. പയറുവർഗ്ഗങ്ങൾ, ഭക്ഷ്യ എണ്ണ ഇടങ്ങിയവ നിലവിൽ പൊതുവിതരണ ശൃംഖല വഴി വിതരണം നടത്തുന്നില്ല. എന്നാൽ സർക്കാർ ഏജൻസിയായ സപ്ലൈകോ സംസ്ഥാന സർക്കാർ നൽകുന്ന സാമ്പത്തിക സഹായം ഉപയോഗിച്ച് പയർ, പരിപ്പ് വർഗ്ഗങ്ങൾ, ഭക്ഷ്യ എണ്ണ ഇടങ്ങിയവ നിശ്ചിത അളവിൽ സബ്സിഡി നിരക്കിൽ നൽകുന്നുണ്ട്.

## ശിപാർശ 29 (ഖണ്ഡിക 59)

ഭക്ഷ്യസുരക്ഷാ നിയമം പ്രാബല്യത്തിൽ വരുമ്പോൾ എ.എ.വൈ വിഭാഗങ്ങൾക്ക് മുമ്പുള്ള രീതി തുടരുമെന്നാണ് ഭക്ഷ്യസുരക്ഷാ നിയമത്തിൽ വ്യക്തമാക്കുന്നത്. അതിൻ പ്രകാരം 35 കിലോഗ്രാം അരി മാത്രമാണ് പ്രസ്തുത വിഭാഗങ്ങൾക്ക് ലഭിക്കുന്നത്. ആയതിനാൽ ഭക്ഷ്യസുരക്ഷാ നിയമം സംസ്ഥാനത്ത് നിലവിൽ വരുമ്പോൾ എ.എ.വൈ പദ്ധതിയിലെ അംഗങ്ങൾക്ക് ഗോതമ്പ്, മറ്റു ധാന്യങ്ങൾ എന്നിവ കൂടി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

കേന്ദ്ര ഭക്ഷ്യസുരക്ഷാ നിയമം പ്രാബല്യത്തിൽ വരുമ്പോൾ എ.എ.വൈ വിഭാഗത്തിൽപ്പെട്ട അംഗങ്ങൾക്ക് ഗോതമ്പ് കൂടി നൽകുവാനാണ് തത്വത്തിൽ സർക്കാർ തീരുമാനിച്ചിരിക്കുന്നത്.

തിരുവനന്തപുരം,
2018 ഫെബ്രുവരി 27.

**എസ്. ശർമ്മ,**
അദ്ധ്യക്ഷൻ,
എസ്റ്റിമേറ്റ്സ് കമ്മിറ്റി.

## അനുബന്ധം I

| Sl.No. | Name of the Chemical/Fumigants | Quantity used |
|---|---|---|
| 1 | Aluminium Phosphide (Kgs) | 9 gms/MT of food grain |
| 2 | Deltamethrin (in Kg), 2.5% WP | 3 Litre for 100 Sqm of stack area (40 gm/litre dilution) |
| 3 | Malathion(in Lts): 50% EC | 3 Litre for 100 Sqm of stack area (1:100 dilution) |